# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പരുതൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെ.എസ്.എ.(പി.കെ.ഡി)പി.13/1564/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 31/10/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പരുതൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പരുതൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പരുതൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്.എ.(പി.കെ.ഡി)പി.13/1564/23 തീയ്യതി: 31/10/2023

# പാലക്കാട് ജില്ലയിലെ പരുതൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പരുതൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 16-03-2023 മുതൽ 16-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ രാം മനോഹർ വി.കെ | ഡെപ്യൂട്ടി ഡയറക്ടർ | 17-08-2023 | 24-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-08-2023 | 24-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.കെ.ആർ. പ്രകാശ് ബാബു, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി.വി.ആർ.ഷീജ, സീനി. ഗ്രേഡ് ഓഡിറ്റർ
ശ്രീ.എം.മുഹമ്മദ് ഹിഷാം, സീനി. ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. അനിത.കെ, ഓഡിറ്റർ
ശ്രീമതി.ബേബി.കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ആനന്ദ് കിഷോർ | സെക്രട്ടറി | 01-04-2022 | 01-10-2022 |
| ശ്രീ.കെ.പി.ജിനചന്ദ്രൻ | സെക്രട്ടറി | 02-10-2022 | 14-11-2022 |
| ശ്രീമതി.ഷർളി.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 15-11-2022 | 14-12-2022 |
| ശ്രീ.കെ.പി.ജിനചന്ദ്രൻ | സെക്രട്ടറി | 15-12-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ശ്രീലക്ഷമി പി | കൃഷി ഓഫീസർ | 01-04-2022 | 16-05-2022 |
| ശ്രീ. അഷ്ജാൻ കെ.എം | കൃഷി ഓഫീസർ | 17-05-2022 | 12-12-2022 |
| ശ്രീമതി.സബീഹ പി | കൃഷി ഓഫീസർ | 13-12-2022 | 31-03-2023 |
| ശ്രീമതി റീന പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ശ്രീകല എ.കെ. | ഹെഡ് മിസ്ട്രസ്,ജി.എൽപി.എസ്. | 01-04-2022 | 31-03-2023 |
| ശ്രീ.ജിജോ പ്രസാദ് ജെ.ആർ | ക്ഷീര വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.ഇ.ബാലൻ | വെറ്ററിനറി സർജ്ജൻ | 01-04-2022 | 08-08-2022 |
| ഡോ.പി.എസ്. പൊൻമുരുകൻ | വെറ്ററിനറി സർജ്ജൻ | 09-08-2022 | 30-01-2023 |
| ഡോ.നിമ പി.എൽ | വെറ്ററിനറി സർജ്ജൻ | 31-01-2023 | 31-03-2023 |
| ശ്രീ.ജിതേഷ് കുമാർ കെ | വില്ലേജ് എകസ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.കെ.വി.സന്തോഷ് കുമാർ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 31-03-2023 |
| ശ്രീ. രാജേഷ് കുമാർ. എസ് | അസി. എഞ്ചിനീയർ | 01-04-2022 | 05-09-2022 |
| ശ്രീമതി. ബീന.ഐ.സി | അസി. എഞ്ചിനീയർ | 06-09-2022 | 18-12-2022 |
| ശ്രീമതി. അപർണ. വി | അസി. എഞ്ചിനീയർ | 19-12-2022 | 31-03-2023 |
| ഡോ. ജാനിഷ്. ടി | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 01-04-2022 | 31-03-2023 |
| ഡോ. ബിബി.കെ.എസ്. | മെഡിക്കൽ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| | ഓഫീസർ(ആയുർവേദം) | | |
| ശ്രീമതി. രേണുക.കെ.എം | അസി. സെക്രട്ടറി | 01-04-2022 | 05-11-2022 |
| ഒഴിവ് | അസി. സെക്രട്ടറി | 06-11-2022 | 07-11-2022 |
| ശ്രീമതി. ഷെർലി. എസ് | അസി. സെക്രട്ടറി | 08-11-2022 | 31-03-2023 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | അക്രൂവൽ അല്ലാത്ത വരവ് ഇനങ്ങളിലെ ഇൻകം&എക്സ്പെൻഡിച്ചർ ,രസീത് & പേയ്മെന്റ് ഷെഡ്യൂളിലെ തുകകളിലെ വ്യത്യാസം | 1-1-3 |
| 5 | വാടക രജിസ്റ്ററിലെ ഡിമാൻഡും വാർഷിക കണക്കിലെ ഡിമാൻഡും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | വാടക രജിസ്റ്ററിലെ ബാലൻസും വാർഷിക കണക്കിലെ ബാലൻസും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | പഞ്ചായത്ത് ജനറൽ ഫണ്ട് -ഡെബിറ്റ് ബാലൻസ് | 1-1-6 |
| 8 | വസ്തു നികുതി കുടിശ്ശിക ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയതിൽ വ്യത്യാസം | 1-1-7 |
| 9 | NHM ഹോമിയോ ഡിസ്പെൻസറിയ്ക്ക് വാടകയിനത്തിൽ ചെലവായ തുകയുടെ വിശദാംശങ്ങൾ വിവിധ ഹെഡുകളിലായി നൽകിയിരിക്കുന്നു. | 1-1-8 |
| 10 | വാർഷിക കണക്ക്-റസീറ്റ് ആൻഡ് പേയ്മെന്റ്- ക്യാഷ് അടിസ്ഥാനത്തിലുള്ള എല്ലാ വരവുകളും ഉൾപ്പെട്ടിട്ടില്ല. | 1-1-9 |
| 11 | വാർഷിക കണക്ക്- ചെലവുകളുടെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. | 1-1-10 |
| 12 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. | 1-1-11 |
| 13 | 121540രൂപയുടെ നീക്കിയിരുപ്പ് ബാലൻസ് ഷീറ്റ് B-18 ൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | സാമ്പത്തിക വിശകലനം | 1-3 |
| 16 | ഫണ്ട് വിനിയോഗം | 1-4 |
| 17 | പദ്ധതി അവലോകനം | 1-5 |
| 18 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 19 | സാമൂഹ്യ സുരക്ഷ പെൻഷൻ | 1-7 |
| 20 | ക്യാഷ് പരിശോധന | 1-8 |
| 21 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 22 | സ്ഥാപനം ഉപയോഗിക്കുന്ന ബാങ്ക് അക്കൌണ്ടുകളുടെ 2023ഏപ്രിൽ മുതൽ | 1-9-1 |

| | | |
|---|---|---|
| | നാളിതുവരെയുള്ള പ്രതിമാസ റീകൺസിലിയേഷൻ നടത്തിയിട്ടില്ല. | |
| 23 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 24 | എം.എസ്.എം.ഇ കെട്ടിടത്തെ യഥാർത്ഥ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയം നടത്തിയിട്ടില്ല. | 1-11 |
| 25 | തൊഴിൽ നികുതി അപാകതകൾ | 1-12 |
| 26 | നികുതി പരിഷ്കരണം അവലോകനം | 1-13 |
| 27 | റോഡ് റസ്റ്റോറേഷൻ ചാർജ് | 1-14 |
| 28 | വനവികസന നികുതി അടവാക്കേണ്ടതാണ്. | 1-15 |
| 29 | ഗ്രോ ബാഗ് വിതരണം-അധികമായി ചെലവഴിച്ച തുക തിരികെ ഈടാക്കേണ്ടതാണ് | 1-16 |
| 30 | മരാമത്ത് പ്രവൃത്തികൾ - പ്രവർത്തി പൂർത്തീകരണം -സമയം ദീർഘിപ്പിച്ചതിന് ഫൈൻ ഈടാക്കിയിട്ടില്ല. | 1-17 |
| 31 | ഭവന പുനരുദ്ധാരണം പദ്ധതി നിർവഹണത്തിലെ അപാകതകൾ | 1-18 |
| 32 | വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകുന്നതിനുള്ള ഓപ്പൺ ടെണ്ടറിൽ ടെണ്ടറുകളുടെ എണ്ണം പരിമിതപ്പെടുത്തി | 1-19 |
| 33 | വെള്ളക്കരം കുടിശ്ശിക 73206283/- രൂപ - കൃത്യത ഉറപ്പുവരുത്തി കുടിശ്ശിക തീർപ്പാക്കേണ്ടതാണ് | 1-20 |
| 34 | പെൻഷനറുടെ മരണം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തതിന് ശേഷവും പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നു | 1-21 |
| 35 | ഓണം അഡ്വാൻസ് അഞ്ച് തുല്യ ഗഡുക്കളായി അടവാക്കിയിട്ടില്ല | 1-22 |
| 36 | അങ്കണവാടി പോഷകാഹാരം വാങ്ങലിന് നിയമാനുസൃതമായ ജി.എസ്.ടി-ടി.ഡി.എസ് ഈടാക്കിയിട്ടില്ല | 1-23 |
| 37 | എൻ.ആർ.ഇ.ജി.എസ് എസ്റ്റാബ്ലീഷ്മെന്റ് ചെലവുകൾ - തനത് ഫണ്ടിൽ നിന്നും നൽകിയ തുക ക്രമീകരിച്ചിട്ടില്ല | 1-24 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ഗ്രോ ബാഗ് വിതരണം അധികായി ചെലവഴിച്ച തുക തിരികെ ഈടാക്കേണ്ടതാണ്. | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവർത്തി വിശദാംശങ്ങൾ | 4-3 |

| | | |
|---|---|---|
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഓഡിറ്റ് ചെയ്ത വരവ് ചെലവ് പത്രികകളുടെ സംക്ഷിപ്തം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1.കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 26.7.2023 ലെ 1(1) -ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 31.7.2023-ാം തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പരുതൂർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2.C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3.എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പരുതൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

സ്ഥലം: പാലക്കാട്

തീയതി: 31/10/2023

2022-23 ലെ വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ തുടർ ഖണ്ഡികകളായി താഴെ ചേർക്കുന്നു.(ഓഡിറ്റ് എൻക്വയറി : 12/24.8.2023.) ടി എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

കേരള പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-2 വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -75040.00 രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 115394103.00രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-3 അക്രൂവൽ അല്ലാത്ത വരവ് ഇനങ്ങളിലെ ഇൻകം&എക്സ്പെൻഡിച്ചർ ,രസീത് & പേയ്മെന്റ് ഷെഡ്യൂളിലെ തുകകളിലെ വ്യത്യാസം

| CODE | HEAD | Income & Expenditure | Receipt&Payment |
|---|---|---|---|
| 140700199 | Re- Imbursement Of Other Expenses Incurred | 60000 | 61822 |
| 150120103 | Auction | 13900 | 13700 |

മേൽ പരാമർശിച്ച വരവുകളിൽ 140700199-Re- Imbursement Of Other Expenses Incurred-ടി വരവ് ഏതാണെന്ന് വ്യക്തമാക്കിയിട്ടില്ല. Auction-Head Code-150120103- 13700 രൂപയുടെ വരവിന്റെ കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

1-1-4 വാടക രജിസ്റ്ററിലെ ഡിമാൻഡും വാർഷിക കണക്കിലെ ഡിമാൻഡും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

വാടകയിനത്തിലെ വാർഷിക കണക്കിലെ ഡിമാൻഡ്, രജിസ്റ്ററിലെ ഡിമാൻഡ് എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| CODE | HEAD | Income And Expenditure | Register |
|---|---|---|---|
| 130100101 | Rental Income From Panchyath Properties(current) | 23688 | 30048 |

1-1-5 വാടക രജിസ്റ്ററിലെ ബാലൻസും വാർഷിക കണക്കിലെ ബാലൻസും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

വാടകയിനത്തിലെ വാർഷിക കണക്കിലെ ബാലൻസ്, രജിസ്റ്ററിലെ ബാലൻസ് എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| CODE | HEAD | Balance Sheet | Register |
|---|---|---|---|
| 431400101 | Rental Income From Panchyath Properties(current) | 0 | 12420 |

1-1-6 പഞ്ചായത്ത് ജനറൽ ഫണ്ട് -ഡെബിറ്റ് ബാലൻസ്

തൻവർഷത്തെ പഞ്ചായത്ത് ജനറൽ ഫണ്ട് – 2440655 രൂപയുടെ നെഗറ്റീവ് ബാലൻസാണ് ബാലൻസ്ഷീറ്റ് (B-1) രേഖപ്പെടുത്തിയിരിക്കുന്നത്. പഞ്ചായത്തിന്റെ വരവിനേക്കാളും ചെലവ് കൂടി നിൽക്കുന്ന അവസ്ഥയാണ് പ്രകടമാകുന്നത്.

1-1-7 വസ്തു നികുതി കുടിശ്ശിക ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയതിൽ വ്യത്യാസം

പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളുടെയും, വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെയും വസ്തു നികുതി കുടിശ്ശിക രേഖപ്പെടുത്തിയ ബാലൻസ് ഷീറ്റിലെ തുകകളിൽ വ്യത്യാസം. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| CODE | Item | മുൻവർഷത്തെ B15 പ്രകാരമുള്ള തൻവർഷത്തെ അരിയർ ഡിമാന്റ് | തൻവർഷം ലഭ്യമായ തുക( R&P) | തൻ വർഷത്തെ Balance Sheet | വ്യത്യാസം (21-22 B-15)-(22-23 Rp) | വ്യത്യാസം |
|---|---|---|---|---|---|---|
| 431100102 | Receivables For Property Tax On Residential Buildings (Arrears) | 282663 +94087= 376750 | 304,352.00 | 61,289.00 | (376750-304,352 =72398 | 72398-61289 =11109 |
| 431100104 | Receivables For Property Tax On Non-Residential | 79923 + 94840= 174763 | 81,370.00 | 99,509.00 | (174763-81,370 = 93393) | 99509-93393 =6116 |

| | | | | | | | |
|---|---|---|---|---|---|---|---|
| | Buildings (Arrears) | | | | | | |

ഇപ്രകാരം സംഭവിക്കാനുണ്ടായ സാഹചര്യം വിശദമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച എൻക്വയറിയ്ക്ക്(12/24.8.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. സ്ഥാപനത്തിന് ലഭിക്കാനുള്ള തുകകൾ ബാലൻസ് ഷീറ്റിൽ കൃത്യമായി പ്രതിഫലിക്കാത്തതിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-1-8 NHM ഹോമിയോ ഡിസ്പെൻസറിയ്ക്ക് വാടകയിനത്തിൽ ചെലവായ തുകയുടെ വിശദാംശങ്ങൾ വിവിധ ഹെഡുകളിലായി നൽകിയിരിക്കുന്നു.

NHM ഹോമിയോ ഡിസ്പെൻസറിയ്ക്ക് വാടകയിനത്തിൽ Ledger Account- Head Code-220100101 - Rent Of Buildings - നൽകിയ 20000രൂപ ഉൾപ്പെട്ടിട്ടുണ്ട്. ( Expenditure In R&P Head Code-350109999).എന്നാൽ ടി തുക തൻ വർഷം ലഭ്യമായതായി R&Pഷെഡ്യൂളിലോ, ലഭ്യാവാനുള്ള ഇനത്തിലായി ബാലൻസ് ഷീറ്റിലോ ഉൾപ്പെട്ടതായി കാണുന്നില്ല. ഇതു സംബന്ധിച്ച എൻക്വയറിയ്ക്ക്(12/2023,തീയതി 24.8.2023) സ്ഥാപനം മറുപടി നൽകിയിട്ടില്ല. എന്നാൽ തുടർന്ന് നടത്തിയ വൗച്ചർ പരിശോധനയിൽ ടി ഇനത്തിൽ ആകെ 60000 രൂപ ചെലവായിട്ടുണ്ടെന്നും എന്നാൽ ബുക്ക് ചെയ്ത ഹെഡുകൾ രണ്ട് വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും വ്യക്തമായി . ബിൽ രജിസ്റ്റർ പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നം. | വൗച്ചർ നം. | ചെക്ക് നം. | തീയതി | തുക |
|---|---|---|---|---|---|
| 1 | 34 | 22200012 | 10458 | 8.4.2022 | 5000 |
| 2 | 39 | 22200018 | 10482 | 10.5.2022 | 5000 |
| 3 | 184 | 22200201 | 10808 | 17.6.2022 | 5000 |
| 4 | 256 | 22200366 | 10835 | 15.7.2022 | 5000 |
| 5 | 353 | 22200366 | 10859 | 17.8.2022 | 5000 |
| 6 | 486 | 22200490 | 10900 | 27.9.2023 | 5000 |
| 7 | 596 | 22200600 | 12134 | 25.10.2022 | 5000 |
| 8 | 661 | 22200665 | 12155 | 17.11.2022 | 5000 |
| 9 | 780 | 22200780 | 12187 | 5.1.2023 | 5000 |
| 10 | 784 | 22200811 | 12196 | 12.1.2023 | 5000 |
| 11 | 903 | 22200899 | 14540 | 16.2.2023 | 5000 |
| 12 | 964 | 22201016 | 14565 | 3.3.2023 | 5000 |

വൗച്ചർ പരിശോധനയിൽ കണ്ടെത്തിയ ടി ചെലവുകൾ രണ്ട് രീതിയിലാണ് വാർഷിക കണക്കിൽ ക്രമീകരിച്ചിരിക്കുന്നത്.

വാർഷിക കണക്ക് പ്രകാരം വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| I-11 Administrative Expenses | Ledger Account- Head Code-220120106 - Rent Of Transferrd Institutions -45000 |

| | |
|---|---|
| I-11 Administrative Expenses | Ledger Account- Head Code-220100101 - Rent Of Buildings - 20000 For NHM (29500) |
| RP-35 Other Liabilities (P) | Expenditure In R&P Head Code-350109999 |

അതായത് ഒരു ചെലവിനു വേണ്ടി രണ്ട് Ledger Account- Head Code സൂക്ഷിച്ചിരിക്കുന്നു.പഞ്ചായത്തി രാജ് അക്കൌണ്ട് ചട്ടം 15 (3)പ്രകാരം ലഭ്യമാവുന്ന എല്ലാ വരവുകളും പണം നൽകലുകളും ലഭിക്കുന്ന സ്രോതസിന് അനുസൃതമായി അക്കൌണ്ട് ചെയ്യേണ്ടതാണ്.ആയതിനാൽ ഒരു ചെലവിനു വേണ്ടി രണ്ട് Ledger Account- സൂക്ഷിക്കാനുണ്ടായ സാഹചര്യം വിശദമാക്കേണ്ടതാണ്.

1-1-9 വാർഷിക കണക്ക്-റസീറ്റ് ആൻഡ് പേയ്മെന്റ്- ക്യാഷ് അടിസ്ഥാനത്തിലുള്ള എല്ലാ വരവുകളും ഉൾപ്പെട്ടിട്ടില്ല.

വാർഷിക കണക്ക് പ്രകാരം തൻ വർഷത്തെ റസീറ്റ് ആൻഡ് പേയ്മെന്റ് ഷെഡ്യൂളിൽ വികസന ഫണ്ട് ജനറൽ, സ്പെഷൽ കംപോണന്റ് ഫണ്ട്(SCP), സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് , മെയിന്റനൻസ് ഫണ്ട് -റോഡ്അസറ്റ്, മെയിന്റനൻസ് ഫണ്ട് -നോൺ റോഡ് അസറ്റ്, സ്റ്റേറ്റ് സ്പോൺസേർഡ് സ്കീം , സംയുക്ത പ്രോജക്ടുകളുടെ ജില്ലാ ബ്ലോക്കിലെ വിഹിതം എന്നിവയുടെ വരവുകൾ ഉൾപ്പെട്ടിട്ടില്ല.

അക്കൌണ്ടിങ്ങ് ചട്ടം 62 ഡി പ്രകാരം റസീറ്റ് ആൻഡ് പേയ്മെന്റിൽ ക്യാഷ് അടിസ്ഥാനത്തിലുള്ള എല്ലാ വരവുകളും പണം നൽകലുകളും ഉൾപ്പെടുത്തേണ്ടതാണ്.

1-1-10 വാർഷിക കണക്ക്- ചെലവുകളുടെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

വാർഷിക കണക്ക് പ്രകാരം സ്ഥാപനത്തിന്റെ ചെലവുകൾ I-10 Establishment Expenses,I-11 Administrative Expenses, I-12 Operations And Maintenance എന്നിവയിൽ അക്കൗ ചെയ്തിട്ടുണ്ടെങ്കിലും ടി ചെലവുകളിൽ റസീറ്റ് ആൻഡ് പേയ്മെന്റിൽ RP-13Administrative Expense (P) Head Code -220800104- Grama Sabha Expenses - 3640രൂപയുടെ ചെലവുമാത്രമാണ് നടന്നതായി കാണുന്നത് .എന്നാൽ ടി ചെലവുകൾ നടത്തിയിരിക്കുന്നത് RP-35 Other Liabilities (P)-350109999-Amount Payable To Other Creditors -38283915 രൂപയാണ്. ആയതിനാൽ സ്ഥാപനത്തിന്റെ ചെലവുകളുടെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Sl | Head Code | Amount | Total |
|---|---|---|---|
| 1 | I-10 Establishment Expenses | 11475432 | 13616733 |
| | I-11Administrative Expenses | 1142549 | |
| | I-12 Operations And Maintenance | 998752 | |
| 2 | RP-13Administrative Expense (P)Head Code -220800104- Grama Sabha Expenses - | 3640 | 38287555 |
| | RP-35 Other Liabilities (P)-350109999-Amount Payable To Other Creditors | 38283915 | |

1-1-11 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. വസ്തുനികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രിയില്ല. മറ്റ് നികുതി വരുമാനങ്ങളായ ലൈസൻസ്, തൊഴിൽ നികുതി ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട

രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.

1-1-12 121540രൂപയുടെ നീക്കിയിരുപ്പ് ബാലൻസ് ഷീറ്റ് B-18 ൽ ഉൾപ്പെടുത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ 2022-23 വാർഷിക പദ്ധതിയിലുൾപ്പെട്ട "സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുന്നതിന് കെ എസ് ഇ ബി യിലേക്ക് തുക അടവാക്കൽ" എന്ന പദ്ധതിക്കായി കെ എസ് ഇ ബി മുതുതല ഇലക്ട്രിക്കൽ സെക്ഷൻ അസി.എൻജിനീയർക്ക് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുന്നതിനായി 590000/-രൂപ ഡെപ്പോസിറ്റ് ചെയ്തതിൽ 468460/- രൂപ ചെലവഴിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട്. എന്നാൽ അവശേഷിക്കുന്ന 121540/-രൂപയുടെ നീക്കിയിരുപ്പ് ബാലൻസ് ഷീറ്റ് B-18 ൽ ഉൾപ്പെടുത്തിയിട്ടില്ല.

1-2 ബജറ്റ്

2022-23വർഷത്തെ ബജറ്റ് 31/03/2022 തിയതിയിലെ തീരുമാനം 1(1) പ്രകാരം അംഗീകരിച്ചു. വാർഷിക ബജറ്റ് പുതുക്കി അംഗീകാരം നേടിയിട്ടുണ്ട് (തീരുമാനം 10/1 03-03-2023). ബജറ്റ് വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 2615640 | 168518000 | 171133640 | 167443000 | 3690640 |

1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 24376229 |
| വരവ് | 57113279 |
| ആകെ | 81489508 |
| ചെലവ് | 57188319 |
| നീക്കിയിരിപ്പ് | 24301189 |

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കി യിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 19327000 | 19327000 | 17581939 | 1745061 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 10888000 | 10888000 | 10322581 | 565419 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 0 | 12797294 | 12797294 | 10042752 | 2754542 |
| മെയിന്റനൻസ്ഗ്രാന്റ് | 0 | 4570000 | 4570000 | 4,330,780 | 239220 |

| | | | | | |
|---|---|---|---|---|---|
| നോൺ-റോഡ് | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -Untied Treasury | 0 | 8062 | 8062 | 0 | 8062 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -Untied Bank | 866412 | 3000394 | 3866806 | 1989910 | 1876896 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -Tied Treasury | 0 | 1446824 | 1446824 | 0 | 1446824 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -Tied Bank | 4035920 | 4291000 | 8326920 | 3398236 | 4928684 |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | | | | | |
| MGNREGS | 10 | 27494473 | 27494483 | 27491821 | 2,662 |
| TSC | 2843565 | 0 | 2843565 | 526566 | 2,316,999 |
| ICDS | 1349182 | 3820700 | 5169882 | 3007518 | 2,162,364 |
| National Rural Health Mission | 0 | 297438 | 297438 | 0 | 297438 |
| National Health Mission | 0 | 167648 | 167648 | 167648 | 0 |
| Suchitwa Mission | 160000 | 0 | 160000 | 0 | 160000 |
| സംസ്ഥാനാവിഷ്കൃത പദ്ധതികൾ | | | | | |
| സംസ്ഥാന ലൈഫ് മിഷൻ ഗ്രാന്റ് | 0 | 4520000 | 4520000 | 4520000 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 229 | 234716181 | 167 | 79977098 | 0 | 62 | 72.92 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 7 | 8296060 | 5945175 | 71.66 |
| വി.ഇ.ഒ | 23 | 12 | 162538745 | 32574212 | 20 |
| ICDS സൂപ്പർവൈസർ | 8 | 8 | 6266854 | 4958555 | 79.12 |
| സെക്രട്ടറി | 43 | 31 | 16298760 | 11143299 | 68.36 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 114 | 81 | 28680100 | 17342271 | 60.46 |
| മെഡിക്കൽ ഓഫീസർ-PHC | 8 | 7 | 2740000 | 2434811 | 88.86 |
| മെഡിക്കൽ ഓഫീസർ-ISM | 3 | 3 | 1000000 | 1000000 | 100 |
| ഹെഡ് മാസ്റ്റർ | 1 | 1 | 520000 | 520000 | 100 |
| വെറ്ററിനറി സർജ്ജൻ | 6 | 5 | 2452400 | 1011000 | 41.22 |
| അസി.സെക്രട്ടറി | 13 | 10 | 2814262 | 1997196 | 70.97 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 1 | 1968000 | 424314 | 21.56 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 1 | 1141000 | 626265 | 54.88 |
| ആകെ | 229 | 167 | 234716181 | 79977098 | 34.07 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| | | | | | | |
|---|---|---|---|---|---|---|
| MGNREGS | തൊഴിലാളികളുടെ കൂലി | 0 | 23496614 | 23496614 | 23496614 | 0 |
| | മെറ്റീരിയൽ | 0 | 2757810 | 2757810 | 2757810 | 0 |

| | | | | | |
|---|---|---|---|---|---|
| വില | | | | | |
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 10 | 1240049 (പലിശ ഉൾപ്പടെ) | 1240059 | 1237397 | 2662 |

## 1-7 സാമൂഹ്യ സുരക്ഷ പെൻഷൻ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 1562600 | 158 |
| 2 | വിധവാ പെൻഷൻ | 12047000 | 1156 |
| 3 | വാർദ്ധക്യകാല പെൻഷൻ | 23016400 | 2331 |
| 4 | വികലാംഗ പെൻഷൻ | 4342200 | 419 |
| 5 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1355200 | 136 |
| 6 | തൊഴിൽരഹിത വേതനം | 0 | 0 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17-8-2023 ന് സ്ഥാപനത്തിലെ അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തി. 3410/- രൂപയുടെ വരവ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

1. ഗ്രാമ പഞ്ചായത്ത് പൗരാവകാശ രേഖ കാലികമായി പരിഷ്കരിച്ച് പ്രസിദ്ധീകരിച്ചിട്ടില്ല.

2. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ എല്ലാ ആസ്തികളും അതിൽ ഉണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല. കൂടാതെ പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല.

3. സ്റ്റോക്ക് രജിസ്റ്ററിൽ സാധനങ്ങളുടെ മൂല്യം രേഖപ്പെടുത്തി സെക്രട്ടറി ഒപ്പു വെച്ച് ആധികാരികമാക്കുന്നില്ല.

4. നിർവ്വഹണോദ്യോഗസ്ഥരിൽ പലരും പ്രോജക്ട് ഫയലുകൾ ശരിയായ രീതിയിൽ സൂക്ഷിക്കുന്നില്ല. പല പ്രോജക്ട് ഫയലുകളിലും അവശ്യം വേണ്ട സാക്ഷ്യപത്രങ്ങൾ സൂക്ഷിച്ചിട്ടില്ല. ഗുണഭോക്താക്കളുമായുള്ള കരാറിന് പകരം വെറും ഒപ്പിട്ട മുദ്രപത്രങ്ങൾ മാത്രമാണ് കാണുന്നത്.

5. ഓഫീസ് തീരുമാനങ്ങൾ നടപ്പിലാക്കുന്നുണ്ടോ എന്ന് മേലുദ്യോഗസ്ഥരും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പരിശോധിച്ച് ഉറപ്പു വരുത്തുന്നില്ല.

6. ഫ്രണ്ട് ഓഫീസ് ഡയറി, പരാതി രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നുണ്ടെങ്കിലും, ഫ്രണ്ട് ഓഫീസിൽ

ഹെൽപ്പ് ഡസ്ക്ക് സംവിധാനം ഒരുക്കിയിട്ടില്ല.

7.ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടേയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റകൾ, ഗ്രാമ സഭകൾ എന്നിവയുടെയും യോഗങ്ങൾ നിയമത്തിലും, ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം കൂടുന്നുണ്ടെങ്കിലും, സ്ഥാപനത്തിന്റെ വരവ് ചെലവ് കണക്കുകൾ, പദ്ധതിച്ചെലവുകൾ, ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയുടെ വിലയിരുത്തൽ നടത്തുന്നില്ല. യോഗത്തിന്റെ മിനിറ്റ്സുകൾ, ഗ്രാമ സഭ മിനിറ്റ്സുകൾ എന്നിവ ഒരുവിധം ഭംഗിയായി എഴുതി സൂക്ഷിക്കുന്നുണ്ട്. (ഗ്രാമ സഭ മിനിറ്റ്സ് ബുക്കുകൾ പലതിലും വാർഡ് മെമ്പർ, ഗ്രാമ സഭ കോ ഓർഡിനേറ്റർ എന്നിവർ ഒപ്പിട്ട് ക്ളോസ് ചെയ്യുന്നില്ല). എന്നാൽ ഗ്രാമ സഭയിൽ ചർച്ച ചെയ്ത പല വിഷയങ്ങളെ സംബന്ധിച്ചും പാസ്സാക്കിയ പല പ്രമേയങ്ങളും പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്തതായി കാണുന്നില്ല. പദ്ധതി മോണിറ്ററിംഗ് നടന്നതിന്റെ രേഖകൾ ലഭ്യമല്ല

8.എസ്.സി.പി മേഖലയിൽ പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിനും നിരീക്ഷണ കമ്മറ്റികൾ രൂപീകരിക്കുന്നതിനും നടപടിയില്ല.

ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ശക്തപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് കമ്മിറ്റിയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും കൈക്കൊള്ളേണ്ടതാണ്

### 1-9-1 സ്ഥാപനം ഉപയോഗിക്കുന്ന ബാങ്ക് അക്കൌണ്ടുകളുടെ 2023ഏപ്രിൽ മുതൽ നാളിതുവരെയുള്ള പ്രതിമാസ റീകൺസിലിയേഷൻ നടത്തിയിട്ടില്ല.

കേരള സർക്കാർ തദ്ദേശ സ്വയം ഭരണ (ആർ.ഡി) വകുപ്പിന്റെ 28/3/2011 തീയതിയിലെ ജി.ഓ.(എം.എസ്)83/11/എൽ.എസ്.ജി.ഡി നമ്പർ വിജ്ഞാപനത്തിലെ അക്കൌണ്ടിങ്ങ് ചട്ടം 57പ്രകാരം ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഓരോ മാസത്തിന്റെയും അവസാനം ലഭിക്കുന്ന ബാങ്ക്/ട്രഷറി അക്കൌണ്ട് ബാലൻസ് സ്റ്റേറ്റ്മെന്റുകളുമായി പൊരുത്തപ്പെടുത്തേണ്ടതാണ്. പൊരുത്തപ്പെടുത്തൽ പ്രക്രിയ പൂർത്തിയായി കഴിഞ്ഞാൽ അടുത്ത അഞ്ചാം തീയതിക്കകം അക്കൌണ്ടന്റ് പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കേണ്ടതാണ്. ടി പത്രിക സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ പരുതൂർ ഗ്രാമ പഞ്ചായത്തിന്റെ 2023 ഏപ്രിൽ മുതൽ ആഗസ്റ്റ് മാസം വരെയുള്ള പ്രതിമാസ റീകൺസിലിയേഷൻ നടത്തിയിട്ടില്ല.ഇതു സംബന്ധിച്ച എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

### 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

2022 ജൂലൈ മാസത്തെ ഓഡിറ്റാണ് പെർഫോമൻസ് ഓഡിറ്റ് അവസാനമായി നടത്തിയത്. ഈ റിപ്പോർട്ട് പ്രകാരം 7 ഖണ്ഡികകൾ തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്. 2016-17 മുതൽ 2021-22 വരെയുള്ള കാലയളവിലെ ഓഡിറ്റ് അക്കൗണ്ടന്റ് ജനറൽ 27-04-2022 മുതൽ 12.05.2022 വരെയുള്ള തിയ്യതികളിലായി നടത്തിയിട്ടുണ്ട്. റിപ്പോർട്ടിൽ ഗുരുതരമായ പരാമർശങ്ങളില്ല.

### 1-11 എം.എസ്.എം.ഇ കെട്ടിടത്തെ യഥാർത്ഥ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയം നടത്തിയിട്ടില്ല.

പുതിയതായി ആരംഭിക്കുന്ന സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായങ്ങളുടെ (MSME) കാര്യത്തിൽ 2019 ലെ കേരള എം.എസ്.എം.ഇ ഫെസിലിറ്റേഷൻ ആക്ട് പ്രകാരം ജില്ലാതലത്തിലുള്ള നോഡൽ ഏജൻസിക്ക് അപേക്ഷ സമർപ്പിച്ച് കൈപ്പറ്റ സാക്ഷ്യപത്രം (Acknowledgement Certificate) ലഭ്യമാക്കുകയാണെങ്കിൽ വിവിധ അനുമതികളിൽ നിന്നും പരിശോധനകളിൽ നിന്നും മൂന്ന വർഷം വരെ അവയെ ഒഴിവാക്കിയിട്ടുണ്ട്. കെട്ടിട നിർമ്മാണ പെർമിറ്റ്, ലൈസൻസ് എന്നിവയിൽ നിന്നും ഇതനുസരിച്ചുള്ള ഇളവ് ലഭിക്കുന്നതാണ്. വസ്തു നികുതി, തൊഴിൽ നികുതി എന്നിവയിൽ നിന്നും പ്രസ്തുത സ്ഥാപനങ്ങളെ നിയമപ്രകാരം ഒഴിവാക്കിയിട്ടില്ല. വസ്തു നികുതി ചട്ടങ്ങൾ പ്രകാരം സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ സ്ഥാപനങ്ങൾക്ക് (MSME) പ്രത്യേകം നികുതി നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ MSME Development Act, 2006 പ്രകാരം MSME മന്ത്രാലയത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും സാധനങ്ങൾ നിർമ്മിക്കുകയോ ഉത്പാദിപ്പിക്കുയോ സേവനങ്ങൾ നൽകുകയോ ചെയ്യുന്ന സ്ഥാപനങ്ങളെയാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ടത്. സഞ്ചയ ഡാറ്റാബേസ് പരിശോധിച്ചപ്പോൾ MSME വിഭാഗത്തിൽ ഒരു കെട്ടിടത്തേയും ഉൾപ്പെടുത്തിയിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ | കെട്ടിട | ഉടമസ്ഥന്റെ പേര് | സഞ്ചയയിൽ | യഥാർത്ഥ |
|---|---|---|---|---|

| നം. | നമ്പർ | & സ്ഥാപനം | കെട്ടിടത്തിന്റെ ഉപയോഗ ക്രമം / നിരക്ക് | ത്തിൽ നിശ്ചയി ക്കേണ്ടത് |
|---|---|---|---|---|
| 1 | 9/297/A | ഹൈദരാലി പി.വി, പണിക്കവീട്ടിൽ ഹൌസ്, കുളമുക്ക്, പരുതൂർ, ( UDYAM-KL-10-0012203) തനിമ ഫുഡ് ഇൻഡസ്ട്രീസ് | ഇതര വ്യവസായങ്ങൾ ക്കാവശ്യമുള്ളവ (60 രൂപ) | 20 രൂപ |

ഈ കെട്ടിടത്തെ യഥാർത്ഥ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്താതിരുന്നതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ എൻക്വയറിക്ക് (6/2023 തീയതി 21.8.2023)മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഇത്തരത്തിൽ നികുതി നിർണ്ണയം നടത്തുവാനിടയായ സാഹചര്യം വിശദീകരിക്കേണ്ടതാണ്. എം.എസ്.എം.ഇ കെട്ടിടങ്ങളെ യഥാർത്ഥ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയം നടത്താൻ ഉടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1), 204(2) എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പരിധിയിൽ താമസിച്ചുകൊണ്ട് ഒരു വ്യക്തി ഓരോ അർദ്ധ വർഷവും തുടർച്ചയായോ, പലപ്പോഴായോ 60 ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, ബിസിനസ് നടത്തുകയോ പൊതുവോ, സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. പഞ്ചായത്ത് പരിധിയിലെ വിവിധ തൊഴിൽ മേഖലകളിൽ ഏർപ്പെട്ടിരിക്കുന്നവരിൽ നിന്നും ഈടാക്കിയ തൊഴിൽ നികുതിയുടെ കൃത്യതയും രേഖകളുടെ സൂക്ഷിപ്പും പരിശോധിക്കുന്നിനായി ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

വാർഷിക കണക്ക് പ്രകാരമുള്ള തൊഴിൽ നികുതി വരവ്

| | |
|---|---|
| ജീവനക്കാരുടെ തൊഴിൽ നികുതി | 787560 രൂപ |
| ട്രേഡേഴ്സിന്റെ തൊഴിൽ നികുതി | 76600രൂപ |
| സ്ഥാപന തൊഴിൽ നികുതി | 27320 |
| ആകെ | 891480 |

1. തൊഴിൽ നികുതി രജിസ്റ്റർ പൂർണമല്ല.

തൻ വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററിൽ ഇൻഡക്സായി 38 സ്ഥാപനങ്ങളുടെ പേരുകൾ ചേർത്തിട്ടുണ്ട്. അവയിൽ തന്നെ പലസ്ഥാപനങ്ങളുടെയും അർദ്ധവാർഷിക വരുമാനം രേഖപ്പെടുത്തിട്ടില്ല.

2. ഡിമാന്റ് നോട്ടീസ് നൽകുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 10ൽ ഉപചട്ടം (1),(2) പ്രകാരം തൊഴിൽ നികുതി അടക്കുന്നതിന് ബാദ്ധ്യസ്ഥമോ ബാദ്ധ്യസ്ഥനോ ആണെന്ന് സെക്രട്ടറിക്ക് അഭിപ്രായമുള്ള പക്ഷം അങ്ങനെയുള്ള കമ്പനി/ആളോട് VI ാം നമ്പർ ഫോറത്തിലുള്ള നോട്ടീസ് പ്രകാരം റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ആയത് പൂർണ്ണവും ശരിയുമാണെന്ന് ബോദ്ധ്യം വരുന്ന പക്ഷം അങ്ങനെയുള്ള റിട്ടേണിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ചുമത്തേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് നോട്ടീസ് നൽകിയിട്ടില്ല. പരിശോധനയ്ക്കായി ഏതാനും സ്ഥാപനങ്ങളുടെ തൊഴിൽ നികുതി റിട്ടേണുകൾ മാത്രമാണ് സമർപ്പിച്ചിട്ടുള്ളത്. ഏതെങ്കിലും

സ്ഥാപനങ്ങളോ ജീവനക്കാരോ ഡിമാന്റിൽ നിന്നും വിട്ടുപോയിട്ടുണ്ടോ എന്ന് ഉറപ്പാക്കുന്നതിനായി സാധിച്ചിട്ടില്ല.

3. വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടുള്ളതായി കാണുന്നില്ല.

ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി കൃത്യമായി ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.

കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതായ രേഖകൾ ലഭ്യമല്ല. റേഷൻ കടകൾ, MSME കൾ, കള്ളുഷാപ്പുകൾ മുതലായ സ്ഥാപനങ്ങളിൽ നിന്ന് നോട്ടീസ് നൽകി നികുതി ഡിമാന്റ് ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച എൻക്വയറിയ്ക്ക് (13/23 തീയതി 23.8.2023)മറുപടി ലഭ്യമാക്കിയിട്ടില്ല.

ആയതിനാൽ വാർഡ് തിരിച്ചുള്ള ട്രേഡേഴസ് ലിസ്റ്റ് സൂക്ഷിക്കേണ്ടതും ടി തൊഴിൽ നികുതി ഡിമാൻഡ് ചെയ്യേണ്ടതുമാണ്. കൂടാതെ പഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെട്ട റേഷൻ കടകൾ, MSMEകൾ, കള്ളുഷാപ്പുകൾ, കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 1-13 നികുതി പരിഷ്കരണം അവലോകനം

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 203, 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4(5) അനുസരിച്ച് ഗ്രാമപഞ്ചായത്തുകൾ അഞ്ചു വർഷത്തിലൊരിക്കൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തുകളിലെ വസ്തുനികുതി അവസാനമായി നിശ്ചയിച്ചത് 01.04.2013 പ്രാബല്യത്തിലാണ്. എന്നാൽ സംസ്ഥാനം അഭിമുഖീകരിച്ച പ്രളയം, കോവിഡ് മഹാമാരി തുടങ്ങിയ കാരണങ്ങളാൽ നികുതി പുതുക്കി നിശ്ചയിക്കേണ്ടിയിരുന്ന 01.04.2018 ൽ പുതുക്കി നിശ്ചയിക്കൽ നടന്നിരുന്നില്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളോടൊപ്പം സർക്കാർ ഏൽപ്പിക്കുന്ന മറ്റ് ചുമതലകളും ഗ്രാമപഞ്ചായത്തുകൾക്ക് നിർവ്വഹിക്കേണ്ടി വരുന്നുണ്ട്. പ്രസ്തുത ചുമതലകൾ കൂടുതൽ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിലേക്ക് ഗ്രാമപഞ്ചായത്തുകളുടെ തനത് വരുമാനത്തിൽ കാലാനുസൃതമായ വർദ്ധനവ് ഉണ്ടാകേണ്ടത് അനിവാര്യമാണ്. ആറാം സംസ്ഥാന ധനകാര്യ കമ്മിഷൻ അതിന്റെ രണ്ടാം റിപ്പോർട്ടിൽ വസ്തു നികുതി പരിഷ്കരണം നടത്തുന്നതിന് ശുപാർശ നൽകിയിട്ടുമുണ്ട്.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 203, പ്രകാരം 25 ശതമാനം വർദ്ധനവ് വരുത്തിക്കൊണ്ടാണ് വസ്തുനികുതി പരിഷ്കരണം നടത്തേണ്ടതെങ്കിലും നിലവിലെ സാഹചര്യത്തിൽ സർക്കാർ ഈ കാര്യം വിശദമായി പരിശോധിച്ച് പ്രസ്തുത വ്യവസ്ഥയിൽ ഇളവു വരുത്തി വർഷം തോറും 5% (അഞ്ചു ശതമാനം) എന്ന തോതിൽ 01.04.2023 തീയതി പ്രാബല്യത്തിൽ ഗ്രാമപഞ്ചായത്തുകളിലെ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനും 2023-24 മുതലുള്ള വസ്തുനികുതിനിർണ്ണയ നടപടികളും വസ്തുനികുതി നിർണ്ണയത്തിനു ശേഷം തറവിസ്തീർണത്തിലും ഉപയോഗക്രമത്തിലും മറ്റും മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയ നടപടികളും വസ്തുനികുതിയിൽ നൽകാവുന്ന ഇളവുകളും സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

01.04.2023 തീയതി മുതലുള്ള വസ്തുനികുതി പരിഷ്കരണത്തിന്റെ (സ.ഉ.(കൈ)നം.77/2023/LSGD തീയതി: 22.03.2023) നടപടിക്രമങ്ങളുടെ പരുതൂർ ഗ്രാമപഞ്ചായത്തിലെ നിലവിലെ സ്ഥിതി സംബന്ധിച്ച പരിശോധന വിവരങ്ങളാണ് പ്രത്യേക ഖണ്ഡികയായി ചുവടെ ചേർത്തിട്ടുള്ളത്. വസ്തുനികുതി നിർണ്ണയ(സഞ്ചയ) സോഫ്റ്റ്‌വെയർ പ്രകാരം പരുതൂർ ഗ്രാമപഞ്ചായത്തിൽ 16 വാർഡുകളിലായി 9916 കെട്ടിടങ്ങളാണ് നിലവിലുള്ളത്.

വസ്തു നികുതി പരിഷ്കരണ നിരക്കുകളും മേഖലകളും റോഡിന്റെ തരംതിരിവും പുതുക്കൽ

1.04.2023 മുതലുള്ള വസ്തു നികുതി പരിഷ്കരണ നിരക്കുകൾ, മേഖലകൾ, റോഡുകളുടെ തരംതിരിവ് എന്നിവ നടപ്പിൽ വരുത്തുന്നതിനായി പഞ്ചായത്ത് കമ്മിറ്റി ശുപാർശയോടെ 16.05.2023 തീയതി കരട് വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും ആയതിന്മേൽ ആക്ഷേപങ്ങളൊന്നും ലഭിക്കാത്തതിനാൽ 15.06.2023 തീയതിയിൽ പഞ്ചായത്ത് ഭരണസമിതി മുമ്പാകെ നിരക്ക് അന്തിമമാക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ആയതു പ്രകാരം അന്തിമവിജ്ഞാപനം 15.6.2023ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

വസ്തുനികുതി പരിഷ്കരണത്തിന് സഞ്ചയ സോഫ്റ്റ് വെയറിലെ ക്രമീകരണം

01.04.2023 മുതലുള്ള വസ്തുനികുതി പരിഷ്കരണത്തിന് നാളിതുവരെയായും സഞ്ചയ സോഫ്റ്റ് വെയറിൽ ക്രമീകരണം വന്നിട്ടില്ല. നിലവിൽ കെട്ടിട നമ്പർ അനുവദിക്കുന്ന കെട്ടിടങ്ങൾക്ക് മുൻനിശ്ചയിച്ച പ്രകാരമുള്ള (2013ലെ) അടിസ്ഥാന വസ്തു നികുതി നിരക്കുകളാണ് ഈടാക്കി വരുന്നത് . ഇതിൽ സഞ്ചയയിലെ എല്ലാ കെട്ടിടങ്ങൾക്കും പഴയനിരക്കിലുള്ള വസ്തുനികുതിയുടെ 5% വർദ്ധനവ് സഞ്ചയ സോഫ്റ്റ് വെയറിൽ സ്വമേധയാ ഉണ്ടായിട്ടുണ്ട്.

സഞ്ചയ സോഫ്റ്റ് വെയറിൽ ക്രമീകരണം ചെയ്ത് നൽകുന്ന മുറയ്ക്ക് നിലവിൽ 2023-24 മുതൽ കെട്ടിട നമ്പർ അനുവദിച്ച കെട്ടിടങ്ങൾക്ക് കെട്ടിട നികുതി പുതുക്കി നിശ്ചയിക്കേണ്ടതാണ്.

ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ നിയമനം

വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ(സിവിൽ എഞ്ചിനീയറിങ്ങ്), ഐ.ടി.ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ.ടി.ഐ സർവ്വേയർ, എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയോഗിക്കാവുന്നതാണ്. വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി അതത് തദ്ദേശസ്വയംഭരണ സ്ഥാപന തീരുമാനത്തിന് വിധേയമായി കെട്ടിട നമ്പറിന് പരമാവധി 30 രൂപ ഗ്രാമപഞ്ചായത്തുകൾക്ക് തനത് ഫണ്ടിൽ നിന്ന് വിനിയോഗിക്കാവുന്നതാണ്. ഓരോ കെട്ടിടവും പരിശോധന നടത്തുന്നതിനൊപ്പം അതിന്റെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിലേക്ക് പരിശോധന നടത്തുന്നവർ തന്നെ ഡാറ്റാ എൻട്രി നടത്തി ചേർക്കേണ്ടതാണ്.

പരുതൂർ ഗ്രാമപഞ്ചായത്തിൽ 2023-24 സാമ്പത്തിക വർഷത്തെ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട വിവരശേഖരണം ആരംഭിച്ചിട്ടില്ല.

01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ (സ.ഉ.(കൈ)നം.77/2023/LSGD തീയതി: 22.03.2023) പാലിച്ചുകൊണ്ട് ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി പരിഷ്കരണനടപടികൾ പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

1-14 റോഡ് റസ്റ്റോറേഷൻ ചാർജ്

റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് നഗര ഗ്രാമപ്രദേശങ്ങളിലുടനീളം ഫൈബർ ടു ദ ഹോം (FTTH)തൂണുകൾ (Poles) സ്ഥാപിക്കുന്നതിന് വാടക നിരക്ക് നിശ്ചയിക്കാൻ സർക്കാരിനോട് അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ റോഡുകളുടെ വശങ്ങളിൽ GI പോളുകൾ സ്ഥാപിക്കുന്നതിന് TSP/ISP സേവന ദാതാക്കൾക്ക് സ.ഉ (സാധാ) നം.89/2020/PWD തീയതി 23/01/2020 പ്രകാരം മാർഗനിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഉത്തരവിൽ താഴെ പറയുന്ന വ്യവസ്ഥകളോടെ അനുമതി നൽകുന്നതിനുള്ള പൊതു മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

ഉപാധികളും നിബന്ധനകളും

TSP/ISP (Tele Communication Service Provider/Internet Service Provider)കമ്പനികൾക്ക് റോഡുകളുടെ വശങ്ങളിൽ GI പോളുകൾ സ്ഥാപിക്കുന്നതിന് ആദ്യം വരുന്നവർക്ക് ആദ്യം സേവനം എന്ന അടിസ്ഥാനത്തിൽ ഇനിപ്പറയുന്ന വ്യവസ്ഥകളിന്മേൽ അനുമതി നൽകാം.

- റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഷെഡ്യൂൾ സഹിതം അതത് സേവനദാതാക്കൾ കട്ടിംഗ് ജോലി ആരംഭിക്കുന്നതിനുള്ള നിർദ്ദിഷ്ട തീയതിക്കു രണ്ട് മാസം മുമ്പെങ്കിലും ബന്ധപ്പെട്ടവരെ അറിയിക്കേണ്ടതാണ്.
- തൂണുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭിക്കുന്നതിന്, ഓരോ തൂണിനും 360 രൂപ വാർഷിക വാടക സേവനദാതാക്കൾ അടവാക്കേണ്ടതാണ്. ഈ തുക ഓരോ വർഷവും ഓരോ തൂണിനും 5% വെച്ച് വർധിപ്പിക്കേണ്ടതാണ്. കരാറിൽ ഒപ്പുവെച്ച് 5 വർഷത്തിന് ശേഷം ഈ കരാർ പുതുക്കേണ്ടതാണ്. പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് നിലവിലുള്ള നിരക്കുകൾക്കനുസരിച്ചുള്ള തുകയും കരുതൽ നിക്ഷേപമായി വാർഷിക വാടകയുടെ 10% തുകയും ബന്ധപ്പെട്ട ഓഫീസിൽ അടവാക്കേണ്ടതാണ്.
- കട്ടിംഗ് ആരംഭിക്കുന്ന തീയതിയും പൂർത്തിയാക്കുന്ന തീയതിയും വ്യക്തമാക്കുന്ന വിശദമായ ഷെഡ്യൂൾ സമർപ്പിക്കണം.
- ഗതാഗതത്തിന് എറ്റവും കുറഞ്ഞ തടസ്സവും പൊതുജനങ്ങൾക്ക് കുറഞ്ഞ ബുദ്ധിമുട്ടും ഉണ്ടാക്കുന്ന രീതിയിൽ പ്രവൃത്തികൾ നടത്തണം.

പരുതൂർ ഗ്രാമപഞ്ചായത്തിലെ മംഗലം ഭാഗത്ത് ഗ്രാമപഞ്ചായത്ത് റോഡിൽ 650 മീറ്റർ ഏരിയൽ പോളിലൂടെ ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നതിന് അനുവാദം ആവശ്യപ്പെട്ടുകൊണ്ട് റിലയൻസ് ജിയോ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം (RoW/1020227/24813, 08.12.2021 ) അപേക്ഷ സമർപ്പിക്കുകയും അപേക്ഷയിൻ ഗ്രാമപഞ്ചായത്ത് എൽ.എസ്.ജി.ഡി വിഭാഗം അസിസ്റ്റന്റ് എൻജിനീയർ പരിശോധന നടത്തി 50 പോളുകൾ സ്ഥാപിക്കുന്നതിനുവേണ്ടി റോഡ് റസ്റ്റോറേഷൻ ചാർജ് ഇനത്തിൽ 115533.50 രൂപ RoW സോഫ്റ്റ്‌വെയർ മുഖേന ഡിമാന്റ് ചെയ്യുകയും മേൽ സ്ഥാപനം 21.06.2022-ന് ഈ തുക അടവാക്കുകയും ചെയ്തിട്ടുണ്ട്. തൂണുകൾ സ്ഥാപിക്കുന്നതിനുള്ള RoW Permission നൽകുമ്പോൾ സ.ഉ (സാധാ) 89/2020/PWD തീയതി 23/01/2020-ലെ ഉപാധികളും നിബന്ധനകളും പാലിച്ചിട്ടുണ്ടോ എന്നറിയാൻ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് 04/20.08.2023 മറുപടിയായി തൂണുകൾ

സ്ഥാപി ക്കുന്നതിനുള്ള RoW Permission നൽകുമ്പോൾ ഈടാക്കേണ്ടതായ 360 രൂപ വാർഷിക വാടക സേവനദാതാക്കളിൽ നിന്നും ഈടാക്കിട്ടില്ല എന്നറിയിച്ചിട്ടുണ്ട്. കൂടാതെ കരാർ ചമക്കുകയോ കരുതൽ നിക്ഷേപമായി വാർഷിക വാടകയുടെ 10% തുക ഈടാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ഈ ഇനത്തിൽ ലഭ്യമാകേണ്ട തുക റിലയൻസ് ജിയോ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

| | |
|---|---|
| Annual Pole Rent + 18% GST | 21240 |
| 10% As Rent Security Deposit | 2124 |
| TOTAL | 23364 |

ഓഡിറ്റ് നിർദ്ദേശങ്ങൾ

- മേൽ സ്ഥാപനവുമായി അടിയന്തിരമായി കരാർ ചമയ്ക്കേണ്ടതാണ്.
- ടി എഗ്രിമെൻറ് പ്രകാരം തുടർവർഷങ്ങളിലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി വാടക ഡിമാന്റ് ചെയ്യേണ്ടതും, 5 വർഷത്തിനു ശേഷം കരാർ പുതുക്കുകയും ചെയ്യേണ്ടതാണ്.
- സ്ഥാപിച്ച പോളുകളുടെ എണ്ണം ഉൾപ്പെടുത്തിക്കൊണ്ട് വാടക രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്.
- വാർഷിക വാടക ഓരോ യൂണിറ്റിനും പ്രതിവർഷം 5% കണക്കെ വർദ്ധിപ്പിക്കാൻ കരാറിൽ വ്യവസ്ഥ ചേർക്കേണ്ടതാണ്.

തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

1-15 വനവികസന നികുതി അടവാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് പരിധിയിൽ അപകടകരമായി നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതിനായി 06/01/2023ലെ ടീ കമ്മിറ്റി യോഗ തീരുമാന പ്രകാരം ലേലം കൈകൊണ്ടിട്ടുണ്ട്. ലേലവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ വാല്യവേഷന്റെ അടിസ്ഥാനത്തിൽ ലേലം നടന്നതിൽ ശ്രീ. അബ്ദുൾ റസാക്ക്, പുളിക്കൽ വീട് എന്ന വ്യക്തി 8800/- രൂപയ്ക്ക് ലേലം കൊണ്ടിട്ടുണ്ട്. 1961 കേരള വനനിയമം പ്രകാരം വിൽപനയിലൂടെ സർക്കാർ സംസ്കരിക്കുന്ന വന ഉൽപന്നങ്ങളുടെ കാര്യത്തിൽ, അഞ്ച് ശതമാനം നിരക്കിൽ നികുതി ഈടാക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. (Kerala Forest Act 1961 Chapter XA Section 75A- Levy Of Forest Development Tax-Notwithstanding Anything Contained In This Act, In Respect Of Forest Produce Disposed Of By The Government By Sale, There Shall Be Levied And Collected A Tax At The Rate Of Five Per Cent Of The Amount Of Consideration Paid Therefore) ഈ നിയമ പ്രകാരം ലേലത്തുകയുടെ 5% തുക വനവികസന നികുതിയായി അടവാക്കേണ്ടതായിരുന്നു. എന്നാൽ തുക അടവാക്കിയിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (16/24.08.2023) മറുപടി ലഭ്യമായിട്ടില്ല. വനവികസന നികുതി അടവാക്കി അറിയിക്കേണ്ടതാണ്.

1-16 ഗ്രോ ബാഗ് വിതരണം-അധികമായി ചെലവഴിച്ച തുക തിരികെ ഈടാക്കേണ്ടതാണ്

| | | |
|---|---|---|
| പ്രോജക്ട് | 222 /22 -23 | ഞങ്ങളും കൃഷിയിലേക്ക്<br>ഗ്രോ ബാഗ് വിതരണം |
| അടങ്കൽ,ചെലവ് | 62500 | 50000 -വികസന ഫണ്ട്<br>(ട്രഷറി ബിൽ നം.9/25.3.2023)<br>12500- ഗുണഭോക്തൃ വിഹിതം<br>(ചെക്ക് നം.13034/31.3.2023) |

| | | |
|---|---|---|
| | | |
| ഇൻവോയിസ് | 345/21.3.23 | |

കൃഷിഓഫീസർ നിർവഹണം നടത്തിയ മേൽ പ്രോജക്ടിലൂടെ 20 എണ്ണം വീതം ഉള്ള 25 യൂണിറ്റ് പോട്ടിംഗ് മിശ്രിതം നിറച്ച ബാഗുകൾ (തൈ ഉൾപ്പെടെ) ഗ്രേഡ് ക്ലസ്റ്റർ, മംഗലം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി 25 വനിതാ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്.എന്നാൽ പദ്ധതിക്കായി ഗ്രോബാഗ് വാങ്ങിയതിൽ ചുവടെ ചേർക്കുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1) 20 എണ്ണം വീതം ഉള്ള ഒരു യൂണിറ്റ് ഗ്രോ ബാഗിന് 2500 രൂപ എന്ന നിരക്കിലാണ് ഗ്രേഡ് ക്ലസ്റ്റർ, മംഗലം എന്ന സ്ഥാപനത്തിന് വില നൽകിയിട്ടുള്ളത് (ഗ്രോ ബാഗ് ഒന്നിന് 125 രൂപ). എന്നാൽ 28.05.2022 തീയതിയിലെ സർക്കാർ ഉത്തരവ്(കൈ)115/2022/തസ്വഭവ പ്രകാരമുള്ള സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിലെ നിർദ്ദേശ പ്രകാരം ജില്ലയിൽ ഗ്രോ ബാഗിന് യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചിട്ടുള്ളത് ബാഗ് ഒന്നിന് 80 രൂപ എന്ന നിരക്കിലാണ്(പാലക്കാട് ജില്ലാ കളക്ടറുടെ 25.6.2022 ലെ780/2022/ഡിപിസി/ഡിപിഒ/പികെഡി നമ്പർ ഉത്തരവ് പ്രകാരമുള്ള 2022-23 വർഷത്തെക്കുള്ള യൂണിറ്റ് കോസ്റ്റ്). ഗ്രോ ബാഗ് ഒന്നിന് 45 രൂപ എന്ന നിരക്കിൽ(125-80) ആകെ 22500 രൂപ (25x20x45) അധികമായി ചെലവഴിച്ചിട്ടുണ്ട്.

2) മേൽ ഉത്തരവ് പ്രകാരം ഗ്രോബാഗിന് അനുവദിക്കാവുന്ന പരമാവധി സബ്സിഡി നിരക്ക് 75 ശതമാനമാണ്. എന്നാൽ പദ്ധതിയിൽ സബ്സിഡി അനുവദിച്ചിട്ടുള്ളത് മേൽ സർക്കാർ ഉത്തരവിൽ പരാമർശിച്ചതിൽ നിന്നും അധികരിച്ചാണ് (അനുവദിച്ചത് 80%).

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (9/22.08.2023) അധികമായി നൽകിയ 22500/- രൂപ ബന്ധപ്പെട്ട സ്ഥാപനം തിരിച്ചടക്കാൻ തയ്യാറാണ്, തുക തിരിച്ചടച്ച് രസീതി ഓഡിറ്റിന് ഹാജരാക്കുന്നതാണ് എന്ന് നിർവഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. വികസന ഫണ്ടിൽ നിന്നും അധികം ചെലവഴിച്ച തുക എത്രയും വേഗത്തിൽ തിരികെ അടവാക്കി അറിയിക്കേണ്ടതാണ്. (ഖണ്ഡിക 3-1 കാണുക).

1-17 മരാമത്ത് പ്രവൃത്തികൾ - പ്രവർത്തി പൂർത്തീകരണം -സമയം ദീർഘിപ്പിച്ചതിന് ഫൈൻ ഈടാക്കിയിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായിട്ടുള്ള മരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ ഇതു സംബന്ധിച്ച സ.ഉ(പി)നം.13/2012/PWD തിയതി 1-02-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ പാലിച്ചിട്ടില്ല എന്നും നിയമപ്രകാരമുള്ള പിഴ നിശ്ചിതനിരക്കിൽ ഈടാക്കിയിട്ടില്ല എന്നും ബോധ്യപ്പെട്ടു. പ്രവൃത്തികളിൽ പൂർത്തീകരണം ദീർഘിപ്പിച്ചതിന് എഗ്രിമെന്റ് കാലയളവിനുള്ളിൽ മതിയായ മുദ്ര പത്രത്തിൽ സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല. നിയമാനുസൃത പിഴ ചുമത്താതിരുന്നതു മൂലം തനതുഫണ്ടിന് വരുമാന നഷ്ടവുമുണ്ടായി.

2012 ലെ ജി.ഒ.(പി) 13/2012/PWD/01.02.2012 നമ്പറായുള്ള കേരള പി.ഡബ്ള്യു.ഡി മാന്വലിലെ സെക്ഷൻ 2112 പ്രകാരം ഓരോ പ്രാവശ്യവും പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ ദീർഘിപ്പിച്ച നൽകാവുന്നതാണ്. എന്നാൽ അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ഒരു കാരണവശാലും ദീർഘിപ്പിച്ച നൽകാവുന്നതല്ല. കരാർ കാലാവധി തീരുന്നതിനു മുമ്പ് കരാർ കാലാവധി

ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതും ആയത് നിർവ്വഹണോദ്യോഗസ്ഥന്റെ ശുപാർശയോടെ പഞ്ചായത്ത് ഭരണസമിതി തീരുമാനത്തോടെ ഫൈൻ ഈടാക്കി ദീർഘിപ്പിക്കാവുന്നതാണ്.എന്നാൽ ഇതു സംബന്ധിച്ച് നടപടിക്രമങ്ങളുടെ രേഖകൾ അപൂർണ്ണമാണ്. പൂർത്തീകരണ കാലാവധിക്കു ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാണ്.

മാനുവലിലെ ഖണ്ഡിക 2112.1 പ്രകാരം പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റേതായ കാരണങ്ങളാൽ ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. മേൽ ഉത്തരവു പ്രകാരം കാലാവധി ദീർഘിപ്പിക്കുന്നതിന്ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് (അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ്) പിഴ പി.എ.സിയുടെ 1% (കുറഞ്ഞത് 1000 രൂപ കൂടിയത് 50000 രൂപ), ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% (കുറഞ്ഞത് 2000 രൂപ കൂടിയത് 100000 രൂപ ) എന്നിങ്ങനെ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ പിഴ ഈടാക്കാതെയാണ് കരാറുകാർക്ക് ഫൈനൽ ബിൽ തുക അനുവദിച്ചിട്ടുള്ളത്. സ.ഉ.(സാധാ) നം.1444/2021/തസ്വഭവ തിയതി. 31-7-2021 പ്രകാരം കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ നിർമ്മാണ പ്രവൃത്തികളുടെ കാലാവധി പിഴയില്ലാതെ 6 മാസം നീട്ടി നൽകിയിട്ടുണ്ട്. എന്നാൽ മേൽ കാലാവധിക്കുള്ളിലും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം (1) | പ്രവൃത്തിയുടെ വിവരം | പുളിയം പറ്റപ്പടി റോഡ് ഇന്റർലോക്കിംങ് (SO 56/22-23) |
|---|---|---|
| 1 | അടങ്കൽ - | 150000/- |
| 2 | APAC | 1,49,535/- |
| 3 | കരാറുകാരൻ - | കെ. ഹാജ ഹുസൈൻ |
| 4 | എഗ്രിമെന്റ് നം.: | 121/AE/LSGD/PDR/19-20 Dt.10-03-20 |
| 5 | പാർട്ട് ബിൽ | 0 |
| 6 | ബിൽ/വൗച്ചർ നം. | 01/19-11-2022 |
| 7 | എം.ബുക്ക് നം. | 108/21-22 |
| 8 | പൂർത്തീകരിക്കേണ്ട തീയ്യതി: | 09-09-2020 |
| 9 | പൂർത്തീകരിച്ച തീയ്യതി | 30-04-2022 |
| 10 | ഈടാക്കേണ്ട പിഴ (3%) | 4486/- |

| | | |
|---|---|---|
| 11 | ഈടാക്കിയത് | 0 |
| 12 | കുറവ് | 4486/- |

| ക്രമ നം (2) | പ്രവൃത്തിയുടെ വിവരം | കരിയന്നൂർ പടിഞ്ഞാറെ കുടിവെള്ള പദ്ധതി (55/2022-23) |
|---|---|---|
| 1 | അടങ്കൽ - | 3,50,000/- |
| 2 | APAC | 3,10,362/- |
| 3 | കരാറുകാരൻ - | ഷമീർ പി.വി |
| 4 | എഗ്രിമെന്റ് നം.: | 113/AE/LSGD/PDR /2019-20തീ.29-02-20 |
| 5 | പാർട്ട് ബിൽ | 0 |
| 6 | ബിൽ/വൗച്ചർ നം. | 4/31-01-2023 |
| 7 | എം.ബുക്ക് നം. | 118/2020-21 |
| 8 | പൂർത്തീകരിക്കേണ്ട തീയ്യതി: | 28.08.2020 |
| 9 | പൂർത്തീകരിച്ച തീയ്യതി | 21-02-2022 |
| 10 | ഈടാക്കേണ്ട പിഴ (3%) | 9311രൂപ |
| 11 | ഈടാക്കിയത് | 0 |
| 12 | കുറവ് | 9311രൂപ |

| ക്രമ നം (3) | പ്രവൃത്തിയുടെ വിവരം | ഫോക്ക് ലോർ പാർക്ക് നവീകരണം (73/22-23) |
|---|---|---|
| 1 | അടങ്കൽ - | 350000/- |
| 2 | APAC | 264994 രൂപ |
| 3 | കരാറുകാരൻ - | അബ്ദുൾ ഹക്കീം കെ.പി |

| | | |
|---|---|---|
| 4 | എഗ്രിമെന്റ് നം.: | 79/AE/LSGD /TVP/21-22തീ.12-05-2022 |
| 5 | പാർട്ട് ബിൽ | 0 |
| 6 | ബിൽ/വൗച്ചർ നം. | XVFC/2022-23/P/89/ 27-03-23-233899/-രൂ.<br>ചെക്ക്.നം. 5851759/29-03-23 - 62878/- |
| 7 | എം.ബുക്ക് നം. | 40/22-23 |
| 8 | പൂർത്തീകരിക്കേണ്ട തീയ്യതി: | 11-11-2022 |
| 9 | പൂർത്തീകരിച്ച തീയ്യതി | 23-03-2023 |
| 10 | ഈടാക്കേണ്ടത് (3%) | 7950/-രൂപ |
| 11 | ഈടാക്കിയത് | 0 |
| 12 | കുറവ് | 7950/-രൂപ |

സമയ ബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിനാൽ നിയമാനുസൃത പിഴ ചുമത്താതിരുന്നതു മൂലം പഞ്ചായത്തിന് പിഴ ഇനത്തിൽ ഈടാക്കേണ്ട 21747/- രൂപ (4486 + 9311 + 7950) കരാറുകാരിൽനിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.18/24-08-2023) മറുപടി ലഭ്യമാക്കുകയുണ്ടായില്ല. കരാറുകാരിൽ നിന്നും തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തുന്നതുവരെ, പഞ്ചായത്ത് തനതു വരുമാനത്തിനുണ്ടായിട്ടുള്ള വരുമാന നഷ്ടം ഫൈനൽ ബിൽ തുക അനുവദിയ്ക്കുമ്പോഴും തുക ഈടാക്കാതെ ബിൽ തുക അനുവദിച്ച് നൽകിയ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ബാധ്യതയായി ഓഡിറ്റിൽ നിശ്ചയിക്കുന്നു.

1-18 ഭവന പുനരുദ്ധാരണം പദ്ധതി നിർവഹണത്തിലെ അപാകതകൾ

1) പ്രോജക്റ്റ്-201/22-23 ഭവന പുനരുദ്ധാരണം എസ്.സി

ചെലവ്- 4,50,000രൂപ

ഫണ്ട്-വികസനഫണ്ട് എസ്.സി.പി

ട്രഷറി ബിൽ നം.

13/6.1.23-60000

16/1.2.23-30000

18/22.2.23-60000

19/22.2.23-60000

22/3.3.23-30000

30/20.3.23-60000

34/28.3.23-30000

33/28.323-120000

2) പ്രോജക്ട്-200/22-23 ഭവന പുനരുദ്ധാരണം ജനറൽ

ചെലവ്- 6,60,000രൂപ

ഫണ്ട്-വികസനഫണ്ട്

ട്രഷറി ബിൽ നം.12/6.1.23-240000

14/20.1.23-20000

15/1.2.23-120000

17/22.2.23-60000

20/28.2.23-60000

27/20.3.23-20000

31/28.3.23-140000

2022-23 സാമ്പത്തിക വർഷത്തിൽ വി.ഇ.ഒ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പ്രോജക്ടുകളിൽ ഉൾപ്പെടുത്തി ജനറൽ വിഭാഗത്തിന് 20,000 രൂപ ,എസ്.സി വിഭാഗത്തിന് 30,000 രൂപ എന്നിങ്ങനെ 48 (ജനറൽ 33, എസ്.സി 15) ഗുണഭോക്താക്കൾക്ക് ആകെ 11,10,000രൂപ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്.എന്നാൽ പദ്ധതി നിർവഹണത്തിൽ ചുവടെ ചേർക്കുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1) 28.05.2022 തീയതിയിലെ സർക്കാർ ഉത്തരവ്(കൈ)115/2022/തസ്വഭവ പ്രകാരമുള്ള സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ ഖണ്ഡിക 6.7 പ്രകാരം വീട് വാസയോഗ്യമാക്കൽ/ഭവന പുനരുദ്ധാരണം പ്രോജക്ട് നടപ്പാക്കുമ്പോൾ ഗുണഭോക്താവ് തയ്യാറാക്കുന്ന എസ്റ്റിമേറ്റ് എൽ.എസ്.ജി.ഡി ഓവർസിയർ സാക്ഷ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ 50% തുക മുൻകൂറായി നൽകാവുന്നതാണ്.പിന്നീട് പ്രവർത്തി പൂർത്തീകരിച്ച് എൽ.എസ്.ജി.ഡി ഓവർസിയർ മൂല്യ നിർണയം നടത്തിയതിന് ശേഷം മാത്രമേ ബാക്കി ധനസഹായം അനുവദിക്കാൻ കഴിയൂ. എന്നാൽ ഏതാനും ഗുണഭോക്താക്കൾക്ക് മേൽ പ്രകാരമുള്ള രേഖകൾ- ഗുണഭോക്താവ് തയ്യാറാക്കിയ എസ്റ്റിമേറ്റ്, എൽ.എസ്.ജി.ഡി ഓവർസിയർ മൂല്യ നിർണയം നടത്തിയത് എന്നിവ-ഹാജരാക്കാതെ തന്നെ ധനസഹായം അനുവദിച്ചിട്ടുള്ളതായി കണ്ടെത്തി. പ്രവൃത്തി നിർവഹണം സംബന്ധിച്ച ഫോട്ടോകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ മേൽ ഗുണഭോക്താക്കൾ ഭവന പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് പ്രവൃത്തികൾ എന്തൊക്കെയാണ് നടത്തിയത് എന്നോ യഥാർത്ഥത്തിൽ നടത്തിയ പ്രവൃത്തി പ്രകാരമാണ് ധനസഹായം നൽകിയതെന്നോ ഉറപ്പിക്കാൻ കഴിയുന്നില്ല.

2) ഗുണഭോക്താക്കളുമായി കരാർ ചമക്കുന്നതിനായി തയ്യാറാക്കിയ കരാർ പത്രം പൂർണ്ണമായി പൂരിപ്പിച്ചിട്ടില്ല. ഗുണഭോക്താക്കളുടെയും നിർവഹണ ഉദ്യോഗസ്ഥന്റെയും ഒപ്പ് രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

3) ഏതാനും ഗുണഭോക്താക്കളുടെ കെട്ടിടത്തിന്റെ ബിൽഡിംഗ് ഏജ് സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | ക്രമ നം. | ഗുണഭോക്താവ് | അപാകതകൾ |
|---|---|---|---|

| | | | |
|---|---|---|---|
| 201/2022-23 | 1 | കല്ല്യാണി കെ.പി | എസ്റ്റിമേറ്റ്, വാല്യുവേഷൻ എന്നിവ സൂക്ഷിച്ചിട്ടില്ല.<br>കരാർ പത്രം പൂർണ്ണമായി പൂരിപ്പിച്ചിട്ടില്ല. ഗുണഭോക്താക്കളുടെയും നിർവഹണ ഉദ്യോഗസ്ഥന്റെയും ഒപ്പ് രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. |
| | 2. | നരേന്ദ്രൻ എം.കെ | .എസ്റ്റിമേറ്റ്,വാല്യുവേഷൻ എന്നിവ സൂക്ഷിച്ചിട്ടില്ല.<br>.കരാർ പത്രം പൂർണ്ണമായി പൂരിപ്പിച്ചിട്ടില്ല. ഗുണഭോക്താക്കളുടെയും നിർവഹണ ഉദ്യോഗസ്ഥന്റെയും ഒപ്പ് രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. |
| | 3. | ലീല | എസ്റ്റിമേറ്റ്, വാല്യുവേഷൻ എന്നിവ സൂക്ഷിച്ചിട്ടില്ല.<br>കരാർ പത്രം പൂർണ്ണമായി പൂരിപ്പിച്ചിട്ടില്ല. ഗുണഭോക്താക്കളുടെയും നിർവഹണ ഉദ്യോഗസ്ഥന്റെയും ഒപ്പ് രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.<br>ബിൽഡിംഗ് ഏജ് സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല.<br>പട്ടിക ജാതി വികസന വകുപ്പിൽ നിന്നും മുമ്പ് ഇതേ ആവശ്യത്തിനായി ധനസഹായം അനുവദിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല. |
| | 4. | മാടമ്പി | എസ്റ്റിമേറ്റ്, വാല്യുവേഷൻ എന്നിവ സൂക്ഷിച്ചിട്ടില്ല.<br>കരാർ പത്രം പൂർണ്ണമായി |

| | | | |
|---|---|---|---|
| | | | പൂരിപ്പിച്ചിട്ടില്ല. ഗുണഭോക്താക്കളുടെയും നിർവഹണ ഉദ്യോഗസ്ഥന്റെയും ഒപ്പ് രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. |
| | 5. | തങ്കമ്മ | എസ്റ്റിമേറ്റ്, വാല്യൂവേഷൻ എന്നിവ സൂക്ഷിച്ചിട്ടില്ല. കരാർ പത്രം പൂർണ്ണമായി പൂരിപ്പിച്ചിട്ടില്ല. ഗുണഭോക്താക്കളുടെയും നിർവഹണ ഉദ്യോഗസ്ഥന്റെയും ഒപ്പ് രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ബിൽഡിംഗ് ഏജ് സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. |
| 200/2022-23 | 1. | | എസ്റ്റിമേറ്റ്, വാല്യൂവേഷൻ എന്നിവ സൂക്ഷിച്ചിട്ടില്ല. കരാർ പത്രം പൂർണ്ണമായി പൂരിപ്പിച്ചിട്ടില്ല. ഗുണഭോക്താക്കളുടെയും നിർവഹണ ഉദ്യോഗസ്ഥന്റെയും ഒപ്പ് രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. |

ഗുണഭോക്താവ് തയ്യാറാക്കിയ എസ്റ്റിമേറ്റ്, എൽ.എസ്.ജി.ഡി ഓവർസിയർ മൂല്യ നിർണയം നടത്തിയ രേഖ, മറ്റ് രേഖകൾ എന്നിവ കൂടാതെ തന്നെ മേൽ ഗുണഭോക്താക്കൾക്ക് സബ്സിഡി/ധനസഹായം അനുവദിച്ചത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/23.8.2023) നിർവഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല. മേൽ അപാകതകൾ പരിഹരിച്ച് രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-19 വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകുന്നതിനുള്ള ഓപ്പൺ ടെണ്ടറിൽ ടെണ്ടറുകളുടെ എണ്ണം പരിമിതപ്പെടുത്തി

അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി എസ്.സി വിഭാഗത്തിൽപ്പെട്ട വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.സെക്രട്ടറി |
| പ്രൊജക്ട് നമ്പർ/പേര് | വയോജനങ്ങൾക്ക് കട്ടിൽ-എസ്.സി |

| | |
|---|---|
| അടങ്കൽ | 182378/-<br>(വികസനഫണ്ട് എസ്.സി.പി) |
| ചെലവ് | 182378/-(ബിൽനം.10/10.03.23) |

എസ്.സി വിഭാഗത്തിൽപ്പെട്ട വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകുന്നതിനായി ക്ഷണിച്ച ടെണ്ടർ പരസ്യം നം. GP1/01/2021 തിയതി 23-12-2022 പ്രകാരം അക്രഡിറ്റഡ് ഏജൻസികളിൽ നിന്നുമാണ് ടെണ്ടർ ക്ഷണിച്ചിട്ടുള്ളത്. ആയതനുസരിച്ച് ആർട്ട്കോ, സിഡ്കോ ,കാഡ്കോ എന്നീ ഏജൻസികൾ ടെണ്ടറുകൾ സമർപ്പിക്കുകയും 3722 രൂപ ക്വോട്ട് ചെയ്ത ആർട്ട്കോയുടെ ടെണ്ടർ തീരുമാനം നം. 1(1) 14/07/2022 പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 49 കട്ടിലുകൾ വാങ്ങിയ വകയിൽ 182378/- രൂപ ചെലവഴിച്ചിട്ടുണ്ട്.

രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.

1. സ.ഉ(പി)നം.77/2019/ഫിൻ തിയതി 4-7-2019 പ്രകാരം ആർട്ട്കോ ഇന്റീരിയർ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനും, SIDCO പൊതുവായ സിവിൽ പ്രവൃത്തികൾ എന്നിവയ്ക്കുള്ള PMC ആയുമാണ് അക്രഡിറ്റേഷൻ എടുത്തിട്ടുള്ളത്. അത്തരത്തിൽ അക്രഡിറ്റേഷൻ എടുത്തിട്ടുള്ള ഏജൻസികൾക്ക് അക്രഡിറ്റേഷൻ മേഖലയിലെ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനാണ് അർഹതയുള്ളത്. സാധനങ്ങൾ വിതരണം ചെയ്യുന്നതിന് അവരിൽ നിന്നുമാത്രം ടെണ്ടർ ക്ഷണിക്കുവാൻ വ്യവസ്ഥയില്ല.

2. സ.ഉ(പി)നം.259/2010/തസ്വഭവ തിയതി 8-11-2010 പ്രകാരം പുറപ്പെടുവിച്ച പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരം ഒരു ലക്ഷം രൂപയിൽ കൂടുതൽ അടങ്കലുള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടർ ക്ഷണിക്കേണ്ടതാണ്. ഓപ്പൺ ടെണ്ടറിൽ ടെണ്ടറുകളുടെ എണ്ണം പരിമിതപ്പെടുത്തുവാൻ നിഷ്കർഷിച്ചിട്ടില്ല. ഏജൻസികളിൽ നിന്നുമാത്രം ടെണ്ടറുകൾ ക്ഷണിച്ചതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ് എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നമ്പർ 1/18.08.2023) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. ഭാവിയിൽ അപാകത ആവർത്തിക്കാതിരിക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭരണസമിതിയുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

1-20 വെള്ളക്കരം കുടിശ്ശിക 73206283/- രൂപ - കൃത്യത ഉറപ്പുവരുത്തി കുടിശ്ശിക തീർപ്പാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിൽ വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള 142 പൊതു കുടിവെള്ള ടാപ്പുകൾക്കാണ് വെള്ളക്കരം അടവാക്കിവരുന്നത്. 2022-23 വർഷം ഫെബ്രുവരി മാസം വരെ പ്രതിമാസ നിരക്ക് 68491/- രൂപയാണ്. മാർച്ച് മുതൽ 172282/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. വെള്ളക്കരം കുടിശ്ശിക ഇനത്തിൽ 73206283/- രൂപ പഞ്ചായത്തിന് അടവാക്കാനുണ്ട്. സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണത്തിലുള്ള കൃത്യത ഉറപ്പ് വരുത്തിയതിന്റെയും, പ്രവർത്തിക്കാത്തവ ഡിസ്മാന്റിൽ ചെയ്യുന്നതിന് സ്വീകരിച്ച നടപടികളുടെയും, കുടിശ്ശിക അടവാക്കുന്നതിനായി സ്വീകരിച്ച നടപടികളുടേയും വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നമ്പർ 5/21.08.2023) മറുപടി ലഭ്യമാക്കിയില്ല. ഇക്കാര്യത്തിൽ പഞ്ചായത്ത് സ്വീകരിച്ച തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-21 പെൻഷനറുടെ മരണം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തതിന് ശേഷവും പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നു

ഗ്രാമപഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാപെൻഷൻ വിതരണത്തിന്റെയും സേവന പെൻഷൻ ഡാറ്റാബേസിന്റെയും കൃത്യത പരിശോധിക്കുന്നതിനായി സേവന പെൻഷൻ സോഫ്റ്റ്‌വെയറിലെ ബിൽ

ഡിസ്കിപ്പൻസി ലിസ്റ്റ്, ഡി.ബി.റ്റി റിപ്പോർട്ടുകൾ എന്നിവയും 2022-23 വർഷങ്ങളിലെ മരണ രജിസ്റ്ററുകളും അനുബന്ധഫയലുകളും പരിശോധനയ്ക്ക് വിധേയമാക്കി. കണ്ടെത്തിയ അപാകങ്ങൾ താഴെ പറയുന്നു.

ഗ്രാമപഞ്ചായത്തിൽ തന്നെ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള പെൻഷൻ ഗുണഭോക്താക്കളെ യഥാസമയം ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാത്തതിനാൽ വീണ്ടും പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നതായി കാണുന്നു. യഥാസമയം സസ്പെൻഡ് ചെയ്യാതിരിക്കുന്നതിനാൽ പെൻഷണറുടെ വ്യക്തിഗത ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്യുന്നതു വരെ ഡി.ബി.റ്റി സെൽ വഴി ബാങ്ക് അക്കൗണ്ടിലേക്ക് തുക ട്രാന്സ്ഫർ ചെയ്യുന്നത് തുടരുന്നു.

2022-23 വർഷങ്ങളിലെ രണ്ടു വോള്യം മരണ രജിസ്റ്ററുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താവിന്റെ മരണശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് തുക കൈമാറുന്നതായി ശ്രദ്ധയിൽ പെട്ട ഏതാനും പേരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പെൻഷനറുടെ പേര് | പെൻഷൻ ഐ.ഡി/ പെൻഷൻ തരം | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് | മരണപ്പെട്ടതിനു ശേഷം തുക കൈമാറിയ മാസങ്ങൾ | അനർഹമായി കൈമാറിയ ആകെ തുക |
|---|---|---|---|---|---|---|
| 1 | നാരായണൻ കുട്ടി | 108170201232 വാർദ്ധക്യ കാല പെൻഷൻ | 01.05.22 | Suspend | 6/2022- 9/2022 | 6400 (1600*4) |
| 2 | ബാലകൃഷ്ണൻ | 108170200515 വാർദ്ധക്യ കാല പെൻഷൻ | 02.05.22 | Suspend | 6/2022- 9/2022 | 6400 (1600*4) |
| 3 | മുഹമ്മദ് | 108170200539 വാർദ്ധക്യ കാല പെൻഷൻ | 02.08.22 | Active | 9/2022- 6/2023 | 16000 (1600*10) |
| 4 | ചന്ദ്രു | 108170600242 വിധവ പെൻഷൻ | 03.05.22 | Active | 6/2022- 6/2023 | 20800 (1600*13) |
| 5 | സെയ്തലവി | 108170202214 വാർദ്ധക്യ കാല | 07.07.22 | Active | 8/2022- 6/2023 | 17600 (1600*11) |

| | | | | | | |
|---|---|---|---|---|---|---|
| | | പെൻഷൻ | | | | |
| 6 | സരോജിനി | 108170200576 വാർദ്ധക്യ കാല പെൻഷൻ | 08.08.22 | Active | 9/2022-6/2023 | 16000 (1600*10) |
| 7 | കാളി | 108170200399 വാർദ്ധക്യ കാല പെൻഷൻ | 08.08.22 | Active | 9/2022-6/2023 | 16000 (1600*10) |
| 8 | വാസുദേവൻ | 108170200769 വാർദ്ധക്യ കാല പെൻഷൻ | 03.03.23 | Active | 4/2023-6/2023 | 4800 (1600*3) |
| 9 | കല്യാണി | 108170201280 വാർദ്ധക്യ കാല പെൻഷൻ | 04.02.23 | Active | 3/2023-6/2023 | 6400 (1600*4) |
| 10 | അബ്ദുൾ അസീസ് | 108170202477 വാർദ്ധക്യ കാല പെൻഷൻ | 07.01.23 | Active | 2/2023-6/2023 | 8000 (1600*5) |
| 11 | മുഹമ്മദ് ഹാജി | 108170201248 വാർദ്ധക്യ കാല പെൻഷൻ | 07.02.23 | Active | 3/2023-6/2023 | 6400 (1600*4) |
| 12 | കാദർ | 108170201128 വാർദ്ധക്യ കാല പെൻഷൻ | 07.03.23 | Active | 4/2023-6/2023 | 4800 (1600*3) |
| 13 | പാത്തുമ്മ | 108170201326 വാർദ്ധക്യ കാല പെൻഷൻ | 15.01.23 | Active | 2/2023-6/2023 | 8000 (1600*5) |
| 14 | കണക്കരായി | 108170201994 വാർദ്ധക്യ കാല പെൻഷൻ | 16.02.23 | Active | 3/2023-6/2023 | 6400 (1600*4) |
| 15 | യൂസഫലി | 108170202309 വാർദ്ധക്യ കാല പെൻഷൻ | 17.01.23 | Active | 2/2023-6/2023 | 8000 (1600*5) |

| | | | | | | |
|---|---|---|---|---|---|---|
| 16 | ദേവയാനി | 108170201582 വാർദ്ധക്യ കാല പെൻഷൻ | 17.02.23 | Active | 3/2023-6/2023 | 6400 (1600*4) |
| 17 | അബൂബക്കർ | 108170400217 വാർദ്ധക്യ കാല പെൻഷൻ | 10.01.23 | Active | 2/2023-6/2023 | 8000 (1600*5) |

ഓഡിറ്റ് നടത്തിയ പ്രാഥമിക പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങളാണ് മേൽ പറഞ്ഞിട്ടുള്ളത്.

സർക്കുലർ നമ്പർ 63/2021/ധന തീയതി :02.06.2021 പ്രകാരം പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും മരണപ്പെട്ടവരേയും അനർഹരായവരേയും സമയബന്ധിതമായി ഒഴിവാക്കുന്നത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ അതാത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും ഗ്രാമപഞ്ചായത്തിൽ സ്ഥിര താമസമാക്കിയ വ്യക്തികൾ ഉള്ള പക്ഷം അക്കാര്യം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറി മരണപ്പെട്ട വ്യക്തി സ്ഥിര താമസമാക്കിയിട്ടുള്ള ഗ്രാമപഞ്ചായത്തിൽ അടുത്തമാസം 10 -ാം തീയതിക്കുമുമ്പ് അറിയിക്കേണ്ടതും, ആയത് പരിശോധിച്ച് മരണപ്പെട്ട/അനർഹരായ ഗുണഭോക്താക്കളെ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാനുള്ള നടപടി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ സമയബന്ധിതമായി സ്വീകരിക്കേണ്ടതുമാണ് എന്ന് പ്രസ്തുത ഉത്തരവിൽ നിർദ്ദേശിക്കുന്നുണ്ട്.

ഇതു കൂടാതെ പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടതും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അന്വേഷണത്തിന് ശേഷം അത്തരക്കാരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതുമാണ് എന്നും ഉത്തരവിൽ വ്യക്തമാക്കുന്നുണ്ട്.

മരണപ്പെടുന്നവരെ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാത്തതിനുള്ള സാഹചര്യം വ്യക്തമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നമ്പർ 8/22.08.2023) മറുപടി ലഭ്യമാക്കിയില്ല. ധനകാര്യ വകുപ്പിന്റെ സർക്കുലർ നിർദ്ദേശം പ്രയോഗത്തിൽ വരുത്തുന്നതിന് സ്വീകരിച്ച തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

1-22 ഓണം അഡ്വാൻസ് അഞ്ച് തുല്യ ഗഡുക്കളായി അടവാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് ഓണം അഡ്വാൻസ് ആയി 2022 വർഷത്തിൽ 160000/- രൂപ (ഒരുലക്ഷത്തി അറുപതിനായിരം രൂപ) അനുവദിച്ചിട്ടുണ്ട്. എന്നാൽ അഞ്ചു തുല്യ ഗഡുക്കളായി തുക തിരികെ ഈടാക്കിയിട്ടില്ല. അഡ്വാൻസ് രജിസ്റ്റർ പ്രകാരം തുക ഈടാക്കിയ വിവരം താഴെ ചേർക്കുന്നു.

| ഒക്ടോബർ | നവംബർ | ഡിസംബർ | ജനുവരി | ഫെബ്രുവരി | മാർച്ച് | ആകെ അടവാക്കിയത് | അടവാക്കാനുള്ളത് |
|---|---|---|---|---|---|---|---|
| 32000 | 28000 | 16000 | 8000 | 8000 | 48000 | 140000 | 20000 |

ആഗസ്റ്റ് മാസത്തിൽ ഓണം അഡ്വാൻസ് അനുവദിച്ചത് ഒക്ടോബർ മുതൽ ഫെബ്രുവരി വരെയുള്ള മാസങ്ങളിൽ അഞ്ച് തുല്യ ഗഡുക്കളായി അടവാക്കാതെ മാർച്ച് മാസത്തിൽ കൂടി അഡ്വാൻസ് തുക പിടിച്ചിട്ടുണ്ട്. ഇതുകൂടാതെ ബാലൻസ് ആയി ഇനി 20000/- രൂപ (ഇരുപതിനായിരം രൂപ ) കൂടി ജീവനക്കാരിൽ നിന്നും ഈടാക്കാനുണ്ട്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നമ്പർ 17/24.08.2023) മറുപടി ലഭ്യമാക്കിയില്ല. അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതും ഈടാക്കാനവശേഷിക്കുന്ന 20,000/-രൂപ ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-23 അങ്കണവാടി പോഷകാഹാരം വാങ്ങലിന് നിയമാനുസൃതമായ ജി.എസ്.ടി- ടി.ഡി.എസ് ഈടാക്കിയിട്ടില്ല

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഐസിഡിഎസ് സൂപ്പർവൈസർ |
| 1.പ്രോജക്ട് | 30/22-23 അനുപൂരക പോഷകാഹാരം (എസ്.സി) |
| ചെലവ് | 1064562 രൂപ |
| 2. പ്രോജക്ട് | 90/22-23അനുപൂരക പോഷകാഹാരം (എസ്.സി), സ്പിൽ ഓവർ |
| ചെലവ് | 499011 രൂപ |
| 3.പ്രോജക്ട് | 29/22-23അനുപൂരക പോഷകാഹാരം (ജനറൽ) |
| ചെലവ് | 1547372 രൂപ |

സാമ്പത്തിക വർഷത്തിൽ ഐസിഡിഎസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ മേൽ ചേർത്ത പ്രോജക്ടുകൾ പ്രകാരമുള്ള വാങ്ങലുകളിന്മേൽ നിയമാനുസൃതം ഈടാക്കേണ്ടിയിരുന്ന 2% നിരക്കിലുള്ള ജി.എസ്.ടി- ടി.ഡി.എസ് ഈടാക്കാതെയാണ് സാധനങ്ങൾ സപ്ളെ ചെയ്ത സ്ഥാപനത്തിന് തുക നൽകിയിട്ടുള്ളത് .വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാങ്ങൽ സ്ഥാപനം | ട്രഷറി ബിൽ നം/ സാംഗ്ഷൻ ഓർഡർ നം. | തുക | കുറിപ്പ് |
|---|---|---|---|
| ഐശ്വര്യശ്രീ അമൃതം ഫുഡ്സ്, നെല്ലിക്കാട്ടിരി | 202/311.1.23 | 362963 | കേന്ദ്രാവിഷ്കൃത ഫണ്ട് |
| | 1/14.7.22 | 220464 | വികസനഫണ്ട് എസ്.സി.പി |
| | 2/14.7.22 | 223791 | വികസനഫണ്ട് എസ്.സി.പി |
| | 39/7.7.22 | 54756 | കേന്ദ്രാവിഷ്കൃത ഫണ്ട് |
| | 3/14.7.22 | 117561 | വികസനഫണ്ട് |
| | 4/14.7.22 | 193693 | വികസനഫണ്ട് |
| | 108/27.10.22 | 297114 | കേന്ദ്രാവിഷ്കൃത ഫണ്ട് |
| | 275/10.3.23 | 12236 | കേന്ദ്രാവിഷ്കൃത ഫണ്ട് |
| | 22/14.3.23 | 105835 | വികസനഫണ്ട് |
| ആകെ തുക | | 1588413/- | |

| | | |
|---|---|---|
| | രൂപ | |

കേന്ദ്ര ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51(7), 24(6), 25 എന്നിവയും 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR, സർക്കാർ ഉത്തരവ് (പി)നം.162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം 2% ടി.ഡി.എസ് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.കൂടാതെ വനിതാ ശിശു വികസന ഡയറക്ടർ പ്രോഗ്രാം ഓഫീസർമാർക്ക് 18.8.21ന് അയച്ച ഐസിഡിഎസ് ബി3/ 13220/21 നമ്പർ കത്തിൽ അമൃതം ന്യൂട്രി മിക്സിന് 5% ജിഎസ്ടി ഉൾപ്പെടെയാണ് 73.5 രൂപ നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ജി.എസ്.ടി ഒഴിവാക്കുന്നതിൽ കേന്ദ്രസർക്കാരിൽ നിന്നുള്ള സ്പഷ്ടീകരണം ലഭ്യമാക്കുന്നതുവരെ ജി.എസ്.ടി ഈടാക്കാൻ നിർദ്ദേശിച്ചിട്ടുമുണ്ട്.

ജി.എസ്.ടി-ടി.ഡി.എസ് ഈടാക്കാതെ സാധനങ്ങൾ സപ്ളൈ ചെയ്ത സ്ഥാപനത്തിന് തുക നൽകിയിട്ടുള്ളത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.10/23.8.23) നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല.ഭാവിയിൽ വാങ്ങലുകൾ നടത്തുമ്പോൾ നിയമപ്രകാരമുള്ള ജി.എസ്.ടി-ടി.ഡി.എസ് ഈടാക്കി മാത്രം തുക അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-24 എൻ.ആർ.ഇ.ജി.എസ് എസ്റ്റാബ്ലീഷ്മെന്റ് ചെലവുകൾ - തനത് ഫണ്ടിൽ നിന്നും നൽകിയ തുക ക്രമീകരിച്ചിട്ടില്ല

ഓഡിറ്റ് വർഷം തനത് ഫണ്ടിൽ നിന്നും എൻ.ആർ.ഇ.ജി.എസ് എസ്റ്റാബ്ലീഷ്മെന്റ് ചെലവുകൾക്കായി 1237043/-രൂപ അഡ്വാൻസ് ചെയ്തിട്ടുണ്ട്. മുൻ അഡ്വാൻസിൽ അഡ്ജസ്റ്റ് ചെയ്യുവാൻ ബാക്കിനിൽക്കുന്നതുൾപ്പെടെ 2022-23 ൽ ക്രമീകരിക്കുവാൻ ബാക്കിനിൽക്കുന്ന ആകെ അഡ്വാൻസ് തുക 1036891/-രൂപയാണ്. ഈ തുക പൂർണ്ണമായും തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടി അഡ്വാൻസ് ക്രമീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഗ്രോ ബാഗ് വിതരണം അധികായി ചെലവഴിച്ച തുക തിരികെ ഈടാക്കേണ്ടതാണ്.

| | | |
|---|---|---|
| പ്രോജക്ട് | 222/22 -23 | ഞങ്ങളും കൃഷിയിലേക്ക്<br>ഗ്രോ ബാഗ് വിതരണം |
| അടങ്കൽ,ചെലവ് | 62500 | 50000 -വികസന ഫണ്ട്<br>(ട്രഷറി ബിൽ നം.9/ 25.3.2023)<br>12500- ഗുണഭോക്തൃ വിഹിതം |

| | | |
|---|---|---|
| | | (ചെക്ക് നം.13034/31.3.2023) |
| ഇൻവോയിസ് | 345/21.3.23 | |

കൃഷിഓഫീസർ നിർവഹണം നടത്തിയ മേൽ പ്രോജക്ടിലൂടെ 20 എണ്ണം വീതം ഉള്ള 25 യൂണിറ്റ് പോട്ടിംഗ് മിശ്രിതം നിറച്ച ബാഗുകൾ (തൈ ഉൾപ്പെടെ) ഗ്രേഡ് ക്ലസ്റ്റർ, മംഗലം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി 25 വനിതാ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ പദ്ധതിക്കായി ഗ്രോബാഗ് വാങ്ങിയതിൽ ചുവടെ ചേർക്കുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1. 20 എണ്ണം വീതം ഉള്ള ഒരു യൂണിറ്റ് ഗ്രോ ബാഗിന് 2500 രൂപ എന്ന നിരക്കിലാണ് ഗ്രേഡ് ക്ലസ്റ്റർ, മംഗലം എന്ന സ്ഥാപനത്തിന് വില നൽകിയിട്ടുള്ളത് (ഗ്രോ ബാഗ് ഒന്നിന് 125 രൂപ). എന്നാൽ 28.05.2022 തീയതിയിലെ സർക്കാർ ഉത്തരവ്(കൈ)115/2022/തസ്വഭവ പ്രകാരമുള്ള സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിലെ നിർദ്ദേശ പ്രകാരം ജില്ലയിൽ ഗ്രോ ബാഗിന് യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചിട്ടുള്ളത് ബാഗ് ഒന്നിന് 80 രൂപ എന്ന നിരക്കിലാണ്(പാലക്കാട് ജില്ലാ കളക്ടറുടെ 25.6.2022 ലെ780/2022/ഡിപിസി/ഡിപിഒ/പികെഡി നമ്പർ ഉത്തരവ് പ്രകാരമുള്ള 2022-23 വർഷത്തെക്കുള്ള യൂണിറ്റ് കോസ്റ്റ്). ഗ്രോ ബാഗ് ഒന്നിന് 45 രൂപ എന്ന നിരക്കിൽ(125-80) ആകെ 22500 രൂപ (25x20x45) അധികമായി ചെലവഴിച്ചിട്ടുണ്ട്.

2. മേൽ ഉത്തരവ് പ്രകാരം ഗ്രോബാഗിന് അനുവദിക്കാവുന്ന പരമാവധി സബ്സിഡി നിരക്ക് 75ശതമാനമാണ്. എന്നാൽ പദ്ധതിയിൽ സബ്സിഡി അനുവദിച്ചിട്ടുള്ളത് മേൽ സർക്കാർ ഉത്തരവിൽ പരാമർശിച്ചതിൽ നിന്നും അധികരിച്ചാണ് (അനുവദിച്ചത് 80%).

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (9/22.08.2023) അധികമായി നൽകിയ 22500 രൂപ ബന്ധപ്പെട്ട സ്ഥാപനം തിരിച്ചടക്കാൻ തയ്യാറാണ്, തുക തിരിച്ചടച്ച് രസീതി ഓഡിറ്റിന് ഹാജരാക്കുന്നതാണ് എന്ന് നിർവഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. വികസന ഫണ്ടിൽ നിന്നും അധികം ചെലവഴിച്ച തുക എത്രയും വേഗത്തിൽ തിരികെ അടവാക്കി അറിയിക്കേണ്ടതാണ്. തുക തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തുന്നത് വരെ 22500/-രൂപ തുക അനുവദിച്ച് നൽകിയ നിർവ്വഹണോദ്യോഗസ്ഥന്റെ ബാധ്യതയായി ഓഡിറ്റിൽ നിശ്ചയിക്കുന്നു. തുക അടവാക്കി വിവരം ലഭ്യമാകാത്തപക്ഷം 22500/-രൂപ ഈടാക്കാൻ സർചാർജ്ജ് നടപടി സ്വീകരിക്കുന്നതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|

| | | |
|---|---|---|
| 2022-23 | 17-08-2023 മുതൽ 24-08-2023 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ്/ ചെലവഴിക്കാത്ത തുക |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, പട്ടാമ്പി | 2022-23 | 2031250 | നെൽ ക്കർഷകർക്ക് ഉഴവുകൂലി-ജനറൽ (218/22-23) | 1130940 | 900310 |
| | 2022-23 | 5500000 | ലൈഫ് മിഷൻ തുക വക യിരുത്തൽ-SC (204/22-23) | 787504 | 4712496 |
| | 2022-23 | 8000000 | ലൈഫ് മിഷൻ തുക വകയി രുത്തൽ ജനറൽ-(203/22-23) | 747681 | 7252319 |
| | 2022-23 | 2331017 | ലൈഫ് മിഷൻ തുക വക യിരുത്തൽ-SC (92/22-23) | 2276647 | 54370 |
| | 2022-23 | 370000 | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥി കൾക്ക് സ്കോളർഷിപ്പ് (31/22-23) | 359300 | 10700 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 200000 | ക്ഷീര സംഘ ങ്ങൾ മുഖേന | 198605 | 1395 |

| | | | | | |
|---|---|---|---|---|---|
| | | | പാലിന് സബ്സിഡി (259/22-23) | | |
| | 2022-23 | 2031250 | നെൽക്കർ ഷകർക്ക് ഉഴവുകൂലി-(218/22-23) | 1144975 | 886275 |
| | 2022-23 | 6590000 | ലൈഫ് മിഷൻ തുക വകയിരുത്തൽ ജനറൽ-(203/22-23) | 0 | 6590000 |
| | 2022-23 | 10000000 | ലൈഫ് മിഷൻ തുക വകയിരുത്തൽ ജനറൽ-(93/22-23) | 840000 | 9160000 |
| പാലക്കാട്, | 2022-23 | 2445000 | ലൈഫ് മിഷൻ തുക വക യിരുത്തൽ-SC (204/22-23) | 480000 | 1965000 |
| | 2022-23 | 10478983 | ലൈഫ് മിഷൻ തുക വക യിരുത്തൽ-SC (92/22-23) | 0 | 10478983 |
| | 2022-23 | 121000 | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥി കൾക്ക് സ്കോളർഷിപ്പ് (31/22/23) | 0 | 121000 |

*മുൻ വർഷങ്ങളിൽ ലഭിച്ചതിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതം 213772/- രൂപയും ജില്ലാ പഞ്ചായത്ത് വിഹിതം 35407 രൂപയും നീക്കിയിരിപ്പായി അവശേഷിക്കുന്നു. വിശദാംശങ്ങൾ ലഭ്യമല്ല.

## 4-3 ഡെപ്പോസിറ്റ് പ്രവർത്തി വിശദാംശങ്ങൾ

ഗ്രാമപഞ്ചായത്തിലെ 2022-23 വാർഷിക പദ്ധതിയിലുൾപ്പെട്ട "സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുന്നതിന് കെ എസ് ഇ ബി യിലേക്ക് തുക അടവാക്കൽ" എന്ന പദ്ധതിക്കായി കെ എസ് ഇ ബി, മുതുതല ഇലക്ട്രിക്കൽ സെക്ഷൻ അസി.എൻജിനീയർക്ക് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുന്നതിനായി തുക ഡെപ്പോസിറ്റ്

ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രോജക്ട് & പ്രോജക്ട് നമ്പർ | അനുവദിച്ച തുക | ചെലവഴിച്ച തുക | വിനിയോഗ സാക്ഷ്യ പത്രം |
|---|---|---|---|---|
| കെ എസ് ഇ ബി, മുതുതല ഇലക്ട്രിക്കൽ സെക്ഷൻ | 1/23, സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുന്നതിന് കെ എസ് ഇ ബി യിലേക്ക് തുക അടവാക്കൽ | 590000/- | 468460/- | 4,68,460/-രൂപയ്ക്ക് ലഭിച്ചു. ബാക്കി 1,21,540/-രൂപയ്ക്ക് ലഭിക്കാനുണ്ട്. |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

തൻവർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 18,080,000/-രൂപ വരവുണ്ട്. തൻവർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC ലൈഫ് പദ്ധതി ലോൺ | ലഭ്യമല്ല | 18,080,000 | 18806323 | 5519320 | - | 31367003 |

## 4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുകയൊന്നും വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ

അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം/ | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 43 | 2012-13 | VII.1.9.4.v | റോഡ് പ്രവൃത്തി- മുൻകൂർ നൽകിയത് | സമിതിയുടെ അന്തിമ തീരുമാന മായിട്ടില്ല |
| 1998-99 | 26 | 2012-13 | VII.1.9.4.i | തൊഴിൽ നികുതി പിരിച്ചെടുക്കുന്ന തിൽ കുറവ് | സമിതിയുടെ അന്തിമ തീരുമാന മായിട്ടില്ല |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഈ ഇനത്തിൽ തൻവർഷം തുകയൊന്നും ഈടാക്കിയിട്ടില്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 24376229 |
| ഓഡിറ്റ് വർഷത്തെ വരവ് | 57113279 |
| ആകെ | 81489508 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 57188319 |
| നീക്കിയിരിപ്പ് | 24301189 |
| വരവിനങ്ങളിലുള്ള നഷ്ടം | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 22500/- |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഒന്നുമില്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം-

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 22500/- | സ്വബീഹ പി, കൃഷി ഓഫീസർ |
| | ആകെ | 22500/- | |

(സി). ഭാഗം 1 പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടം | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 21747/- | 1. ബീന.ഐ.സി, അസി.എഞ്ചിനീയർ (4486/-രൂപ)<br>2. അപർണ്ണ വി, അസി.എഞ്ചിനീയർ (17261/- രൂപ) |

(ഡി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഒന്നുമില്ല

(ഇ) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(എഫ്) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ജി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സ്വബീഹ പി, കൃഷി ഓഫീസർ | താൽക്കാലിക നിയമനം | പൂളക്കൽ വീട് പടിക്കുന്ന്, നിലമ്പൂർ, മലപ്പുറം ജില്ല, പിൻ-679329 |
| ശ്രീമതി.അപർണ്ണ വി, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, പരുളൂർ ഗ്രാമപഞ്ചായത്ത് | അമ്പനാട്, കൈമനം പി.ഒ, തിരുവനന്തപുരം ജില്ല പിൻ-695040 |
| ശ്രീമതി.ബീന ഐ.സി, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, മുതുതല ഗ്രാമപഞ്ചായത്ത്, പാലക്കാട് ജില്ല | ഓടയിൽ വീട്, എടക്കുളം, ഇരിങ്ങാലക്കുട പി.ഒ, തൃശ്ശൂർ ജില്ല |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1996-97 | എൽ.എഫ്.പി8/1202/ 2000/18-1-2001 | 4 |
| 1997-98 | എൽ.എഫ്.പി8/687/ 2001/31-10-2001 | 19 |
| 1998-99 | എൽ.എഫ്.പി8/625/ 2002/5-10-2002 | 10 |
| 1999-00 | എൽ.എഫ്.പി8/644/2004/ 16-9-2004 | 4 |

| | | |
|---|---|---|
| 2000-01 | എൽ.എഫ്.പി8/567/ 2004/19-11-2004 | 22 |
| 2001-02 | എൽ.എഫ്.പി3/6109/2007/ 14-6-2007 | 12 |
| 2002-03 | എൽ.എഫ്.പി13/935/2007/ 26-5-2008 | 7 |
| 2003-04 | എൽ.എഫ്.പി13/530/ 2013/20-6-2013 | 3 |
| 2004-05 | എൽ.എഫ്.പി13/1362(1) /2012/10-7-2012 | 5 |
| 2005-06 | എൽ.എഫ്.പി13/628/ 2013/6-2-2014 | 2 |
| 2006-07 | എൽ.എഫ്.പി13/2364(3) /2012/17-6-2013 | 4 |
| 2007-08 | എൽ.എഫ്.പി13/2364(4) /201217-6-2013 | 10 |
| 2008-09, 2009-10 & 2010-11 | എൽ.എഫ്.പി13/1385/ 2013/17-12-2013 | 14 |
| 2011-12 | കെ.എസ്.എ-പികെഡി- 13-1690/15 / 5-2-2016 | 11 |
| 2012-13, 2013-14 & 2014-15 | കെ.എസ്.എ-പികെഡി- 13-1909/16 / 18-2-2016 | 14 |
| 2015-16 | കെ.എസ്.എ-പികെഡി- 13-2252/2016/22-12-16 | 18 |
| 2016-17 | കെ.എസ്.എ.പി.കെ.ഡി 13-1867/2017/17.10.2017 | 11 |
| 2017-18 | കെ.എസ്.എ.പി.കെ.ഡി 13-789/2019/24/06/2019 | 13 |
| 2018-19 | കെ.എസ്.എ.പി.കെ.ഡി 13/1384/2020/05.01.2021 | 14 |
| 2019-20 | കെ.എസ്.എ.പി.കെ.ഡി 13/1245/22/22.07.2022 | 17 |
| 2020-21 | കെ.എസ്.എ.പി.കെ.ഡി പി13/ 1250/22 Dt. 22/07/2022 | 19 |
| 2021-22 | കെ.എസ്.എ.പി.കെ.ഡി പി13/604/23 Dt. | 22 |

| | | |
|---|---|---|
| | 28/04/2023 | |

അവശേഷിക്കുന്ന തടസ്സവാദങ്ങൾ തീർപ്പാക്കുന്നതിന് അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 26-07-2023 and submitted on 31-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Paruthur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Paruthur Grama Panchayat for the year 2022-2023

Date: 31/10/2023

Deputy Director
District Office Palakkad
Kerala State Audit Department

## Audit Report appended to the Audit Certificate of Paruthur Grama Panchayat for the Year 2022-2023.

**1.Major Observations**

---

**2.Other Observations**

1)The following mandatory financial statements prescribed in accounting rules are not submitted for audit

.

a)Ratios

b) notes of accounts

2)Cash flow statement- Net increase /decrease in cash flow does not match with the difference between

the opening balance and closing balance of cash and cash equivalents.

Net increase in cash and cash equivalance =-75040

"Net cash generated by Operating+ Investing+Financing Activity (A+B+C) =115394103.00

3.Amount shown under cash system type receipts amount are not equal in RP-4 &I-4

4).Rent demand register does not match with Financial statements.
5). Rent register balance does not match with Financial statements.
6). Panchaythe General fund shows debit balance
7).Amount of arrear Property tax shown in the balance sheet shedule B-15 doest not match with the difference between the shown in B-15 for the year 21-22 and the collection of as shown in Reciept and Payment Shedule-RP-45 for the year 2022-2023 .

8) Rent of NHM buliding expense has recorded in two heads.

9)Grants recevied from goverments are not inculded in Reciept and Payment Shedule.
According to accounting rule 62 [d],All cash type trancations must record in the reciept and payment Shedule.

10)The expense shown under the head Establishment,Administrative,operations and Maintenance are not realiable for Audit.
11).Lapses in making timely and accurate demand entries in respect of tax and non tax revenue
12). Balance deposit amount of 121540/-with KSEB is not traced to balance sheet B-18 shedule.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ പരുതൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3

## ഓഡിറ്റ് ചെയ്ത വരവ് ചെലവ് പത്രികകളുടെ സംക്ഷിപ്തം

1) INCOME & EXPENDITURE STATEMENT

| For the period from 01-April-2022 to 31-March-2023 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 4959236.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 23688.00 |
| 140000000 | Fee & User Charges | I-4 | 776779.00 |
| 150000000 | Sale & Hire Charges | I-5 | 156045.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 136378308.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 529425.00 |
| 180000000 | Other Income | I-9 | 340.00 |
| 190000000 | Prior Period Income | I-19 | 83915.00 |
| | Total Income | | 142823821.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 11475432.00 |
| 220000000 | Administrative Expenses | I-11 | 1142549.00 |
| 230000000 | Operations & Maintenance | I-12 | 998752.00 |

| | | | |
|---|---|---|---|
| 240000000 | Interest & Finance Charges | I-13 | 0.0 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 9079444.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 32135487.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 17586169.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 25017027.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 42722568.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 1237397.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 5000.00 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous | I-17 | 0.0 |

| | | | |
|---|---|---|---|
| | Expenses on Disposal of Assets and Investments | | |
| 272000000 | Depreciation | I-17(A) | 5826226.00 |
| | Total Expenditure | | 147226051.00 |
| | Gross Surplus / Deficit of income over Expenditure | | -4402230.00 |
| | Gross Surplus / Deficit of income over Expenditure | | -4486145.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 0.0 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | 83915.00 |

2) RECEIPT & PAYMENT STATEMENT

| For the period from 01-April-2022 to 31-March-2023 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 24294201.00 |
| Cash | Cash | RP-40(a) | 82028.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 762560.00 |
| 140000000 | Fees & User Charges | RP-4 | 646092.00 |
| 150000000 | Sale & Hire Charges | RP-5 | 155845.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 13357271.00 |
| 171000000 | Interest Earned | RP-9 | 529425.00 |
| 190000000 | Prior Period Income | RP-11 | 81677.00 |
| 320000000 | Grants, Funds & | RP-30 | 11304942.00 |

| | | | |
|---|---|---|---|
| | Contributions for Specific Purposes | | |
| 431000000 | Sundry Debtors (Receivables) | RP-45 | 11337525.00 |
| 460000000 | Loans, Advances and Deposits | RP-49 | 60950.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 340.00 |
| 330000000 | Secured Loans | RP-31 | 18080000.00 |
| 340000000 | Deposits Received | RP-33 | 47354.00 |
| 350000000 | Other Liabilities | RP-35 | 749298.00 |
| | Grand total | | 81489508.00 |
| | PAYMENTS | | |
| | Operating | | |
| 220000000 | Administrative Expenses | RP-13 | 3640.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 48001.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 11059054.00 |
| 460000000 | Loans, Advances and Deposits | RP-49 | 480000.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 202271.00 |
| 350000000 | Other Liabilities | RP-35 | 45395353.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 24301189.00 |
| Cash | Cash | RP-40(b) | 0.0 |

| | |
|---|---|
| Grand Total | 81489508.00 |

| 3) BALANCE SHEET | | | |
|---|---|---|---|
| as on 31.03.2023 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -2440655.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 86440858.00 |
| | Total Reserve & Surplus | | 84000203.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 17499532.00 |
| | Total Grants, Contributions for Specific Purposes | | 17499532.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 31367003.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 31367003.00 |

| | | | |
|---|---|---|---|
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 506245.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1992040.00 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 2498285.00 |
| | TOTAL LIABILITIES | | 135365023.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 0.0 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 1645449.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 20975261.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 73617394.00 |
| 416000000 | Accumulated Depreciation | B-11(a) | -28345325.00 |
| | Total Fixed Assets | | 67892779.00 |

| | | | |
|---|---|---|---|
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 11462017.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 29807003.00 |
| 450000000 | Cash and Bank Balance | B-17 | 24301189.00 |
| 460000000 | Loans, Advances and Deposits | B-18 | 1902035.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 67472244.00 |

| | | | |
|---|---|---|---|
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 135365023.00 |

**Deputy Director**